മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 13 THE ONLINE OFFICIAL NEWS BULLETIN 2025 March 27

SEASON OF GREAT LENT **വലിയ നോമ്പുകാലം**

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
 30 Kfifto (Crippled Woman) 5th Sunday of Great Lent 5	31 1	1 5	2 1	3 5	4 1	 5 60th Mem. of Kurlakose Mar Gregorios Metropolitan (Pampady Dayara) 5



ലഹരിക്കെതിരെ ആശയക്കൂട്ടായ്മ

കോട്ടയം: വർധിച്ച് വരുന്ന ലഹരി ഉപയോ?ഗം, അക്രമവാസന, ആത്മഹത്യാ പ്രവണത തുടങ്ങിയ സാമൂഹ്യ വിപത്തുകളുടെ പശ്ചാത്തലത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ഇടവക - ഭദ്രാസന - സഭാ തലങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി സഭയുടെ മാനവ ശാക്തീകരണ വിഭാ?ഗത്തിന്റെ നേതൃത്വത്തിൽ ആധ്യാത്മിക പ്രസ്ഥാനങ്ങളുടെ കേന്ദ്ര ഭാരവാഹികളുടെ ആശയക്കൂട്ടായ്മ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്നു.

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. കോട്ടയം മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ വർഗീസ് പുന്നൂസ് വിഷയാവതരണം നടത്തി. മാനവ ശാക്തീകരണ വിഭാഗം പ്രസിഡന്റ് ഗീവർഗീസ് മാർ കൂറിലോസ്, കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്ക്കൂൾസ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, പ്രാർത്ഥനാ യോഗം പ്രസിഡന്റ് മാത്യൂസ് മാർ തേവോദോസിയോസ്, യുവജനപ്രസ്ഥാനം പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ്, എം.ജി.ഒ.സി.എസ്.എം പ്രസിഡന്റ് ഡോ. ഏബ്രഹാം മാർ സെറാഫിം, മദ്യവർജ്ജന സമിതി പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പോസ് എന്നീ മെത്രാപ്പോലീത്തമാർ ചർച്ചകൾക്ക് നേതൃത്വം നൽകി. ഫാ. ഡോ. വർഗീസ് വർഗീസ്, ഫാ. ഫിലിപ്പ് തകരൻ, ഫാ. വിജു ഏലിയാസ്, ഫാ. ഡോ. വിവേക് വർഗീസ്, ഫാ. മത്തായി കുന്നിൽ, ഫാ. ജിയോ ജോസഫ്, പ്രൊഫ. മേരി മാത്യു, ശ്രീ.ജേക്കബ് മണ്ണുംമൂട്, അലക്സ് മണപ്പുറത്ത് എന്നിവർ വിവിധ പ്രസ്ഥാനങ്ങളുടെ നിർദേശങ്ങൾ സമർപ്പിച്ചു. മാനവ ശാക്തീകരണ വിഭാഗം ഡയറക്ടർ ഫാ. പി. എ ഫിലിപ്പ് സ്വാഗതം ആശംസിച്ചു.

മലങ്കരസഭ ഉന്നയിച്ച നിയമപ്രശ്നത്തെ ഗൗരവത്തിലെടുത്തവർക്ക്

നന്ദി രേഖപ്പെടുത്തി മലങ്കര ഓർത്തഡോക്സ് സഭ

കോട്ടയം: ലബനനിൽ നടന്ന സ്വകാര്യചടങ്ങിൽ ആരെങ്കിലും വാഴിക്കപ്പെടുന്നതായിരുന്നില്ല മലങ്കര ഓർത്തഡോക്സ് സഭ ഉന്നയിച്ച ആശങ്കയെന്നും ഭാരതത്തിന്റെ നിയമത്തെ ഒരു വിദേശരാജ്യത്തിരുന്ന് അട്ടിമറിക്കാൻ ശ്രമിക്കുന്നതിനെയാണ് സഭ തുറന്നുകാട്ടാൻ ശ്രമിച്ചതെന്നും മലങ്കര ഓർത്തഡോക്സ് സഭ.

ഭാരതത്തിന്റെ പൗരൻമാരും, ഭരണഘടനയെത്തൊട്ട് സത്യം ചെയ്ത ചിലരും ആ ചടങ്ങിനെ ആശീർവദിക്കാൻ പോകുന്നതിലെ ശരികേടാണ് സഭ പൊതുസമൂഹത്തെ അറിയിച്ചത്. ഇക്കാര്യം ചൂണ്ടിക്കാട്ടിയാണ് മലങ്കരസഭ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും, ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാർക്കും കത്തയച്ചത്. കേന്ദ്ര മന്ത്രിമാരെ അയക്കാതെ ഭാരതത്തിന്റെ ഉന്നതമായ ഭരണഘടനാ മൂല്യത്തെ ഉയർത്തിപ്പിടിച്ച നരേന്ദ്രമോദി സർക്കാരിനോടുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

ഓറിയന്റൽ ഓർത്തഡോക്സ് സഭാ നേതൃത്വങ്ങളും മലങ്കരസഭയുടെ ആശങ്കയെ ഗൗരവത്തോടെ ഉൾക്കൊണ്ടു. കോപ്റ്റിക്ക് ഓർത്തഡോക്സ് സഭാ തലവൻ ഉൾപ്പെടെയുള്ളവർ ചടങ്ങിൽ നിന്ന് വിട്ടുനിന്ന് യാഥാർത്ഥ്യം തുറന്നുകാട്ടി. കേരളത്തിലെ ക്നാനായ സഭ പരിശുദ്ധ പാത്രിയർക്കീസുമായി ആഴത്തിൽ ബന്ധമുള്ള സഭയാണ്. ആ സഭയുടെ സമുദായ മെത്രാപ്പോലീത്തയും സ്വകാര്യ ചടങ്ങിൽ നിന്ന് വിട്ടുനിന്നു. സത്യത്തിനൊപ്പം നിലകൊണ്ട സഭാതലവന്മാർ ഇന്ത്യൻ നീതിപീഠത്തിന്റെ മൂല്യം കാത്തു.

കേരളത്തിലെ മാധ്യമങ്ങളും മലങ്കര ഓർത്തഡോക്സ് സഭയുടെ ആശങ്ക പൊതുസമൂഹത്തെയും, അധികാരികളെയും അറിയിക്കുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. പെയ്ഡ് പ്രൊമോഷനുകളിൽ വീഴാതെ മാധ്യമധർമ്മം സംരക്ഷിച്ച മാധ്യമ സ്ഥാപനങ്ങൾക്കും നന്ദി. ക്രിസ്തു ശിഷ്യനായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭ കൂനൻകുരിശ് സത്യത്തിലൂടെ വൈദേശിക ആധിപത്യത്തെ അറബിക്കടലിന് പുറത്താക്കിയ മലങ്കര നസ്രാണികളുടെ സഭയാണ്. അതിനാലാണ് ഈ സഭയെ മലങ്കരസഭ എന്ന പേരിനൊപ്പം ഭാരതസഭയെന്നും അറിയപ്പെടുന്നത്. ഭാരതീയ സഭയെന്ന നിലയിൽ ഈ രാജ്യത്തിന്റെ നിയമത്തെ അട്ടിമറിക്കാനുള്ള എല്ലാ ശ്രമങ്ങൾക്കും നിയമപരമായ മാർഗങ്ങളിലൂടെ ഉത്തരം കണ്ടെത്തുക എന്നത് സഭയുടെ ധർമ്മമാണെന്ന് മലങ്കര ഓർത്തഡോക്സ് സഭ വ്യക്തമാക്കി.

പരിശുദ്ധ കാതോലിക്കാ ബാവാ ജർമ്മനിയിൽ

ബർലിൻ: പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ജർമ്മനിയുടെ തലസ്ഥാനമായ ബർലിനിൽ എത്തിച്ചേർന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഭാഗമായ ഓറിയന്റൽ ഓർത്തഡോക്സ് സഭകളും ജർമ്മനിയിലെ പ്രൊട്ടസ്റ്റന്റ് സഭകളും തമ്മിലുള്ള ഡയലോഗിന്റെ മുഖ്യാതിഥിയായിട്ടാണ് പരിശുദ്ധ കാതോലിക്കാ ബാവാ ബർലിനിൽ എത്തിയത്.

2025 മാർച്ച് 26 മുതൽ 28 വരെയാണ് EKD (Evangelische Kirche in Deutschland) ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ഡയലോഗ് നടക്കുന്നത്. ജർമ്മനിയിലെ ഇരുപത് പ്രൊട്ടസ്റ്റന്റ് സഭകളുടെ കൂട്ടായ്മയായ EKD യും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള ഈ സംവാദം 1983 മുതൽ തുടർന്നു വരുന്നു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department



നീതിപൂർവമായ ഒരു ലോകക്രമവും മനുഷ്യരും പ്രകൃതിയുമായുള്ള ആരോഗ്യകരമായ ഒരു നല്ല ബന്ധവും ഉണ്ടാകണമെങ്കിൽ നമ്മുടെ സമൂഹത്തിന്റെ ജീവിതശൈലി മാറ്റണം എന്നാണ് നോമ്പിന്റെ സന്ദേശം. കുറെ വ്യക്തികൾ, നോമ്പെടുത്ത് ലളിതമായ ജീവിതരീതികൾ പാലിച്ചതുകൊണ്ടു മാത്രമായില്ല, സമൂഹത്തിന് ആകെത്തുകയിൽ മാറ്റമുണ്ടാകണം.

”ഞാൻ അനുതപിക്കുന്നില്ലെങ്കിൽ ഇതാ, പർവതങ്ങളും താഴ്‌വരകളും മലഞ്ചരിവുകളും എന്നെ ചൊല്ലി വിലപിക്കും. കുന്നുകൾ ഏറ്റം സങ്കടത്തോടെ കണ്ണീരൊഴുക്കി എന്നെക്കുറിച്ച് നിലവിളിക്കും. അവ സ്നേഹിതരെയും വത്സലരെയും കൂട്ടി അരിഷ്ടതയുള്ള എന്റെ ആത്മാവിനുവേണ്ടി നെടുവീർപ്പിട്ട് കരയും. പാപമോചനത്തിനു ഞാൻ യോഗ്യനാവാൻ അവ എനിക്കുവേണ്ടി യാചിക്കയും ചെയ്യും.” (നോമ്പിലെ പുരാതനമായ ഒരു പ്രാർഥന)

മനുഷ്യൻ ദൈവസൃഷ്ടിയുടെ കിരീടമാണെന്നും, അതുകൊണ്ട് സകല സൃഷ്ടിജാലങ്ങളുടെമേലും മനുഷ്യന് രാജകീയ അധികാരമുണ്ടെന്നും പരമ്പരാഗതമായി നാം പഠിക്കുന്നുണ്ട്. കുറെക്കൂടി ആധ്യാത്മികമായി പറഞ്ഞാൽ, മനുഷ്യന് ദൈവത്തിന്റെ സകല സൃഷ്ടിയോടും വലിയ ഉത്തരവാദിത്വമുണ്ടെന്നും അതുകൊണ്ട് സൃഷ്ടിയെ മുഴുവൻ സ്രഷ്ടാവിന്റെ പ്രകാശത്തിലേക്കും ദിവ്യമഹത്വത്തിലേക്കും നയിക്കാനുള്ള നിയോഗം മനുഷ്യനുണ്ട് എന്നും ക്രിസ്തീയ സഭ പഠിപ്പിക്കുന്നു. ഇതേക്കുറിച്ചെല്ലാം പ്രഗൽഭരായ വേദശാസ്ത്രജ്ഞന്മാർ ഉദാത്തമായ ചിന്തകൾ അവതരിപ്പിച്ചിട്ടുണ്ട്. മിക്കവാറും മനുഷ്യനിൽ കേന്ദ്രീകരിച്ചതും ഏകപക്ഷീയവുമാണ് അവ പലതും.

എന്നാൽ ഇതിനൊരു മറുവശമുണ്ട്. ഭക്തരായ കവികളും കാവ്യഭാഷയിൽ എഴുതുകയും സംസാരിക്കുകയും ചെയ്യുന്ന മിസ്റ്റിക്കുകളും ദൈവത്തിന്റെ സൃഷ്ടികൾക്ക് എല്ലാം വ്യക്തിത്വം നൽകുന്നു. മനുഷ്യരുമായി മറ്റ് ജീവജാലങ്ങൾക്കും പ്രകൃതിക്കും ആഴമായ ഒരു ജൈവബന്ധമുണ്ട് എന്നാണ് അവർ അനുഭവിച്ചറിയുന്നതും ചിന്തിക്കുന്നതും. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന പ്രാർഥന ഉദാഹരണമാണ്. ഇത് കവിതയുടെ ഭാഷയാണ്. രൂപകവും ഉപമയും ഉൽപ്രേക്ഷയും തുടങ്ങിയ അലങ്കാരങ്ങളും വാങ്മയചിത്രങ്ങളും കവിതയിൽ സാധാരണമാണ്. പ്രകൃതിമുഴുവൻ മനുഷ്യരുടെ മാനസാന്തരത്തിനുവേണ്ടി കണ്ണീരൊഴുക്കി ദൈവത്തോട് അപേക്ഷിക്കുന്നു. കാരണം, മനുഷ്യൻ തിന്മയും സ്വാർഥതയും ഉള്ളവനായി അധർമ്മം പ്രവർത്തിച്ചാൽ അത് പ്രകൃതിയെ മുഴുവൻ നശിപ്പിക്കും. ഇപ്പോൾ പ്രകൃതിക്കും കാലാവസ്ഥയ്ക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭയാനകമായ നാശത്തിന് പ്രധാന പങ്ക് മനുഷ്യന്റെ സ്വാർഥപ്രേരിതമായ പ്രവർത്തനങ്ങളാണെന്ന് അറിവുള്ളവർ തെളിവുസഹിതം പറയുന്നു.

കോവിഡുകാലത്ത് നാം ഇത് കണ്ടതാണല്ലോ. മനുഷ്യർ എല്ലാം അടച്ചുകെട്ടി വീട്ടിലിരുന്നപ്പോൾ പക്ഷികളും മൃഗങ്ങളും മരങ്ങളും ചെടികളും ഉല്ലസിച്ചു. അന്തരീക്ഷം മാലിന്യമില്ലാതെ തെളിഞ്ഞു വന്നു. നദികളും ജലാശയങ്ങളും കൂടുതൽ ശുദ്ധമായി. അപ്പോൾ, പ്രകൃതി ആഗ്രഹിക്കുന്നത് മനുഷ്യർ അതിന്റെ താളക്രമങ്ങളെയും ദൈവം നല്കിയ വിശുദ്ധിയെയും ആദരിച്ച് പ്രവർത്തിക്കണമെന്നാണ്.

പൗലോസ് അപ്പസ്തോലൻ തന്റെ ഗാഢമായ ക്രിസ്ത്വാനുഭവത്തിന്റെ വെളിച്ചത്തിൽ സൃഷ്ടിയുടെ മുഴുവൻ വിമോചനത്തെക്കുറിച്ച് എഴുതി: ”സൃഷ്ടി ദൈവമക്കളുടെ വെളിപാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു... സർവസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു” (റോമാ. 8:19-22). ക്രിസ്തീയ ചിന്തയനുസരിച്ച്, മനുഷ്യൻ മാത്രമല്ല, മനുഷ്യനോടൊപ്പം ദൈവത്തിന്റെ സകലസൃഷ്ടിയും ഇപ്പോഴത്തെ സ്ഥലകാല ബന്ധനത്തിൽ നിന്നും, നാശത്തിൽനിന്നും മരണത്തിൽ നിന്നും മുക്തമായി, രൂപാന്തരപ്പെട്ട് ദൈവതേജസ് അണിയണം. ”പുതിയ ആകാശവും പുതിയ ഭൂമിയും പുതിയ സൃഷ്ടിയു”മാണ് യോഹന്നാൻ ശ്ലീഹ, പത്രോസ് ശ്ലീഹ, പൗലോസ് ശ്ലീഹ എന്നിവർ ദർശിച്ചത് (വെളി. 21:1; 2 പത്രോ. 3:13; 2 കോറി. 5:17).

നീതിപൂർവമായ ഒരു ലോകക്രമവും മനുഷ്യരും പ്രകൃതിയുമായുള്ള ആരോഗ്യകരമായ ഒരു നല്ല ബന്ധവും ഉണ്ടാകണമെങ്കിൽ നമ്മുടെ സമൂഹത്തിന്റെ ജീവിതശൈലി മാറ്റണം എന്നാണ് നോമ്പിന്റെ സന്ദേശം. കുറെ വ്യക്തികൾ, നോമ്പെടുത്ത് ലളിതമായ ജീവിതരീതികൾ പാലിച്ചതുകൊണ്ടു മാത്രമായില്ല, സമൂഹത്തിന് ആകെത്തുകയിൽ മാറ്റമുണ്ടാകണം. ചുരുക്കത്തിൽ ക്രിസ്തീയ സഭ ഒരു സമൂഹമെന്ന നിലയിൽ അതിന്റെ നയങ്ങളും നടപടികളും യേശുവിന്റെ സുവിശേഷത്തിന് അനുസൃതമാണോയെന്ന് പരിശോധിച്ച് തിരുത്താനുള്ള അവസരം കൂടിയാണ് നോമ്പ്. അപ്പോൾ വ്യക്തികളുടെ നോമ്പ് കൂടുതൽ അർഥപൂർണ്ണമാകും.

മഹാത്മാഗാന്ധി കഠിനമായ ആത്മസംയമനം, മൗനവ്രതം, ഉപവാസം തുടങ്ങിയ ”നോമ്പുമുറ”കൾ അനുഷ്ഠിച്ചതും ഇന്ത്യയുടെ സ്വാതന്ത്ര്യവും തമ്മിലെന്തു ബന്ധം എന്ന് മുഹമ്മദാലി ജിന്നയടക്കം പല നേതാക്കൾക്കും അന്ന് മനസ്സിലായില്ല. പക്ഷേ, പിന്നീട് ഉണ്ടായ പാക്കിസ്ഥാൻ ഉൾപ്പെടെയുള്ള ഇന്ത്യാമഹാരാജ്യത്തിന്റെ സ്വാതന്ത്ര്യവും സമത്വവും നീതിയും മതസൗഹാർദവും ബഹുസ്വരതയുമെല്ലാം മുന്നിൽ കണ്ടുകൊണ്ടാണ് ഗാന്ധിജി ”നോമ്പ്” എടുത്തത്. ജാതിക്കും മതത്തിനും അതീതമായി വളരെയേറെ ഭാരതീയരും ഗാന്ധിയൻ പ്രസ്ഥാനമെന്ന ആ ’നോമ്പി’ൽ പങ്കെടുക്കാൻ സന്നദ്ധരായി.

യേശുവിന്റെ നോമ്പിന് ഒരു വ്യക്തിയുടെ തപസ്സനുഷ്ഠാനം എന്നതിലുപരി ലോകത്തിന്റെ സൗഖ്യവും വിമോചനവുമെന്ന മഹാലക്ഷ്യമുണ്ടായിരുന്നു. ഇന്നും ക്രിസ്തീയ സഭ ഒരു സമൂഹമായിട്ടാണ് ആ നോമ്പിലും അതിന്റെ വിശാലമായ ലോകരക്ഷാദൗത്യത്തിലും പങ്കുചേരേണ്ടത്. നമ്മുടെ ലോകത്തിൽ നിന്ന് രക്തച്ചൊരിച്ചിലും സ്ത്രീപീഡനങ്ങളും ആത്മഹത്യകളും ലഹരിഭ്രാന്തും ഭൂമികയ്യേറ്റങ്ങളും വർഗീയ സംഘർഷങ്ങളും തുടച്ചുനീക്കുന്ന മഹായത്നത്തിലേക്കാണ് ഓരോ നോമ്പും നമ്മെ നയിക്കേണ്ടത്.

ഓരോ ദിവസവും പ്രഭാതത്തിൽ, നമ്മുടെ കർത്താവായ യേശുക്രിസ്തു പഠിപ്പിച്ച പ്രാർഥന നാം ധ്യാനപൂർവം പ്രാർഥിക്കണം. സ്വർഗസ്ഥനായ പിതാവായ ദൈവമേ, അങ്ങയുടെ രാജ്യം വരണമേ. അവിടുത്തെ തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ’ എന്നു പ്രാർഥിക്കുമ്പോൾ, നമ്മുടെ സ്വന്തം ആവശ്യങ്ങൾ തൽക്കാലം മാറ്റിവച്ച് സമൂഹത്തിന്റെ സൗഖ്യത്തിനും നല്ല ബന്ധങ്ങൾക്കും സമാധാനത്തിനും നീതിക്കും വേണ്ടി നമ്മുടെ ചിന്തകളെ വിശാലമാക്കാം. യേശുനാഥൻ പഠിപ്പിച്ചതുപോലെ നമ്മുടെ ആവശ്യങ്ങൾ എന്താണെന്ന് സ്നേഹവാനായ സ്വർഗീയ പിതാവ് അറിയുന്നുണ്ടല്ലോ.


❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ



829. ... കൊച്ചുമാത്തച്ചനു. മാവേലിക്കര ... സ്കറിയാ കത്തനാച്ചൻ വശം നിങ്ങളുടെ ... ഓടില്ലാത്തപക്ഷം വേറെ ഏതെങ്കിലും ഓടു കമ്പനിയിൽ നിന്നോ വാങ്ങിതരണമെന്നും, അതിനുള്ള വില അടുത്ത തുലാ മാസം 30-നു മുമ്പു എങ്ങിനെയും നാം അയച്ചുതന്നുകൊള്ളാമെന്നും. 103 മിഥുനം 8-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

830. കൈതയിൽ കുഞ്ഞച്ചനു. കല്ലൂപ്പാറ ഇംഗ്ലീഷ് സ്കൂൾ സംബന്ധമായ കാര്യങ്ങളെക്കുറിച്ചു അതിന്റെ ലോക്കൽ മാനേജർ ആയ അലക്സാണ്ടറിന്റെ പേർക്കു ടിയാന്റെ സ്കൂൾ കാര്യങ്ങളിലുള്ള പ്രവൃത്തികളെപ്പറ്റി നാം കല്പന അയച്ചിട്ടുണ്ടെന്നും അതിനെക്കുറിച്ചു ടിയാനോടു ചോദിച്ചാൽ കല്പനയിലെ സംഗതികൾ ടിയാൻ പറയുമെന്നും മറ്റും. 103 മിഥുനം 10-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

831. തയ്യിൽ കൊച്ചീപ്പച്ചനും,

832. മുതലാളിക്കും,

833. കെ. സി. മാത്യുവിനും,

834. ഇ. ജെ. ഫീലിപ്പോസ് വക്കീലിനും,

835. കെ. കെ. ലൂക്കോസ് വക്കീലിനും,

836. സി. ജെ. സ്കറിയാ മല്പാനും. കേസിന്റെ വർത്തമാനങ്ങൾ അറിയിച്ചുതരുന്നതിനു. 103 മിഥുനം 11-നു കോട്ടയം സിമ്മനാരി.

837. ചെറിയമഠത്തിൽ മൂപ്പച്ചനു. വർത്തമാനങ്ങൾക്കു. 103 മിഥുനം 11-നു കോട്ടയം സിമ്മനാരി.

842. പാലപ്പിള്ളിൽ കത്തനാർക്കു. വർത്തമാനങ്ങൾക്കു.

843. വാര്യങ്കാട്ടി കണ്ടത്തിൽ മാത്തുള്ള പോത്തച്ചനു. പെണ്ണുങ്ങളുടെ കല്യാണത്തിനു മംഗളം ആശംസിച്ചു. 103 മിഥുനം 14-നു കോട്ടയം സിമ്മനാരി.

844. പുതിയടത്തു ചാവടിയിൽ അലക്സാണ്ടറിനു. പ്രിയനെ, ഈ മാസം 2-നു രജിസ്റ്റർ ചെയ്തു അയച്ചിരുന്ന നമ്മുടെ കല്പന കിട്ടിയിരിക്കുമല്ലോ. അതിനെക്കുറിച്ചീവിധം മൗനം ദീക്ഷിക്കുന്നതിൽ നാം അതിശയിക്കുന്നു. അടുത്തു തന്നെ ഇത്രടം വന്നുപോകണമെന്നു ആവശ്യപ്പെട്ടിരുന്നാറെ അതു പ്രകാരം വന്നു കണ്ടില്ല. സ്കൂളിലെ നിയമനത്തെ സംബന്ധിച്ചും മറ്റും അതിൽ നാം എഴുതിയിരുന്നപ്രകാരം ഇതുവരെയും പ്രവൃത്തിച്ചില്ലെന്നും അറിയുന്നു. കരസ്പോണ്ടന്മാർക്കു തങ്ങളുടെ തന്നിഷ്ടംപോലെ ചെയ്തുകൊള്ളാമെന്നും സ്കൂൾ സംബന്ധമായ ... എഴുത്തുകുത്തുകൾ വർദ്ധിപ്പിക്കുന്നതിനു സംഗതിയാക്കാതെ ഉടൻതന്നെ ഇത്രടം വന്നു നമ്മെ മനസ്സിലാക്കുവാൻ വല്ലതും ഉണ്ടെങ്കിൽ അതുകൾ വിവരമായി വേണ്ടവിധം നമ്മെ മനസ്സിലാക്കുകയും ചെയ്കയാണു വേണ്ടതെന്നു സ്നേഹം മൂലം ഇപ്പോഴും നാം ഗുണദോഷിച്ചുകൊള്ളുന്നു. സർവ്വശക്തനായ ... 103 മിഥുനം 14-നു കോട്ടയം സിമ്മനാരി.

845. കൈതയിൽ കുഞ്ഞച്ചനു. പള്ളിക്കൂടത്തിലുള്ള അലക്സാണ്ടറിന്റെ പ്രവൃത്തികളെപ്പറ്റിയും ഉടൻതന്നെ അലക്സാണ്ടറിനെയും താഴത്തെപീടികയിൽ കത്തനാച്ചനെയും കൂട്ടിക്കൊണ്ടു ഇത്രടം വരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

847. ... വട്ടിപ്പണക്കേസ് വിധി പ്രസ്താവിച്ചേക്കുമെന്നും മറ്റും. 103 മിഥുനം 14-നു കോട്ടയം സിമ്മനാരി.

848. കൊച്ചുമെത്രാച്ചനും,

849. ബഥനി മെത്രാച്ചനും. ടി കാര്യങ്ങൾ.

850. മുതലാളിക്കു (തിരുവനന്തപുരം). കേസിന്റെ വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

851. പാലപ്പിള്ളിൽ കത്തനാർക്കു. കേസിന്റെ വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

852. ജോർജ് ഫിലിപ്പിന്. അയിരൂർ ഒരു റോഡിന്റെ കാര്യത്തെക്കുറിച്ചു. 103 മിഥുനം 17-നു കോട്ടയം.

853. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. എം.ഡി. യിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന മുണ്ടക്കൽ സ്കറിയാ ശെമ്മാശൻ കഴിഞ്ഞ കൊല്ലം തോറ്റതുകൊണ്ടു ഈ കൊല്ലം ... മാത്രം അയാളിൽ നിന്നും വാങ്ങിച്ചാൽ മതിയെന്നും മറ്റും. 103 മിഥുനം 17-നു കോട്ടയം സിമ്മനാരി.

1103 മിഥുനം 19-നു തിങ്കളാഴ്ച ഉച്ചയ്ക്കു വട്ടിപ്പണക്കേസു വിധിച്ചതായി വക്കീൽ ഫീലിപ്പോച്ചന്റെ കമ്പി വന്നു. ...

854. വക്കീൽ ഫീലിപ്പോച്ചനു. കേസു വിധിച്ചതിൽ സന്തോഷിച്ചും വിധിപകർപ്പു എളുപ്പം വാങ്ങിക്കുന്നതിനും മറ്റും. 103 മിഥുനം 20-നു.

855. കെ. സി. ഈപ്പച്ചനു. ടി കാര്യത്തിനും അതിന്റെ ചിലവിനു പണം കൊടുക്കുന്നതിനും.

856. ... കൊച്ചൂഞ്ഞിനു. ഉടൻ ഇത്രടം വരുന്നതിനു.

857. എഴുപുന്ന പാറായി അവിരാ തരകനു. കേസു ഗുണമായി വിധിച്ചതിനെക്കുറിച്ചു അഭിനന്ദിച്ചയച്ച കമ്പി കിട്ടിയതിൽ സന്തോഷിക്കുന്നു എന്നും മറ്റു വർത്തമാനങ്ങൾക്കും.

858. പ്ലാന്റർ കൊച്ചുമ്മന്. കേസിന്റെ വിധിയെക്കുറിച്ചും സമാധാന കാര്യത്തെക്കുറിച്ചു കണ്ടു ചില സംഗതികൾ നേരിട്ടു പറവാനുള്ളതിനാൽ ഉടൻ ഇത്രടം വന്നുപോകണമെന്നു. 103 മിഥുനം 21-നു കോട്ടയം സിമ്മനാരി.

859. ഇലഞ്ഞിക്കൽ കൊച്ചുണ്ണൂണ്ണിക്കു. വിരിക്കൂട്ടിന്റെ വില അധികം താമസിയാതെ അയച്ചുകൊള്ളാമെന്നു.

860. ഇ. ജെ. ഫീലിപ്പോസ് വക്കീലിനു. കേസിന്റെ ഡിക്രി ഉടൻ എടുപ്പിക്കുന്നതിനു ഉത്സാഹിക്കണമെന്നു.

861. പൂതക്കുഴിയിൽ കത്തനാച്ചനു. ടി കാര്യം.

862. പി. ജെ. സൈമൺ വക്കീൽ. ടി കാര്യം.

863. കിഴക്കുംകര പൗലൂസിനു. വട്ടിപ്പണക്കേസിന്റെ വിധിയെക്കുറിച്ചും ചില പട്ടക്കാരുടെയും മറ്റും അനാവശ്യ പ്രവൃത്തികളെക്കുറിച്ചു എഴുത്തിൽ പറയുന്നതു ന്യായമായവിധത്തിൽ സങ്കടം ബോധിപ്പിക്കേണ്ടവർ ബോധിപ്പിച്ചു പരിഹാരം ഉണ്ടാക്കിക്കൊള്ളണമെന്നു ... മൗനം ദീക്ഷിക്കുന്ന ചില ഉദ്ദേശങ്ങൾ നിമിത്തമായിരിക്കണമെന്നും മറ്റും.

877. ചാവടിയിൽ കോറി മുതലാളിക്കും.

878. കൊച്ചയിപ്പു വാദ്ധ്യാർക്കും.

879. മാരേട്ടു ഫീലിപ്പോച്ചനും. കേസിന്റെ വിധിയെക്കുറിച്ചും സമാധാനത്തിനു ആഗ്രഹിക്കുന്നതിനെക്കുറിച്ചും മറ്റും. 103 മിഥുനം 22-നു കോട്ടയം സിമ്മനാരി.

880. ജോൺ വക്കീലിനു. സമാധാനത്തിനുള്ള ആഗ്രഹത്തെക്കുറിച്ചും അതിനുള്ള ആലോചനയെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

881. തയ്യിൽ കൊച്ചീപ്പച്ചനു. കേസിന്റെ വിധി, സഭാ സമാധാനം, രങ്കസ്വാമി അയ്യങ്കാർ മുതലായ സംഗതികൾ. ടി തീയതി. ടി സ്ഥലം.

882. തട്ടമ്പാറ മത്തായിപിള്ളയ്ക്കു. സഭയുടെ സമാധാനത്തിനുവേണ്ടി ചില സംഗതികൾ ആലോചിപ്പാൻ അതിനു വേണ്ടപ്പെട്ട രണ്ടു മൂന്നു ആളുകളോടു കൂടി വരുന്നതിനും ... 103 മിഥുനം 23-നു കോട്ടയം സിമ്മനാരി.

883. തുകലൻ ... ക്കു. സമാധാനത്തിനു വേണ്ട കാര്യങ്ങളെക്കുറിച്ചു ആലോചിക്കുന്നതിനു ഇത്രടം വന്നുകാണ്മാൻ ആഗ്രഹിക്കുന്നുയെന്നും മറ്റും. 103 മിഥുനം 23-നു കോട്ടയം.

884. പള്ളത്തു പള്ളി ... ഇപ്പോൾ ഈ കല്പന തന്റെ പേർക്കു നാം അയക്കുന്നതാണ്. അടുത്ത ഞായറാഴ്ച മുതൽ താനും നമ്മുടെ കുറിയാക്കോസു കത്തനാരും കൂടി നിങ്ങളുടെ സൗകര്യംപോലെ തവണ മുടക്കം കൂടാതെ പള്ളി കർമ്മാദികളും ജനങ്ങളുടെ ആത്മിക ദിഷ്ടതികളും ക്രമമായി നടത്തിക്കൊള്ളണം. നമ്മുടെ വടക്കേക്കുറ്റു കൊച്ചിട്ടി തൊമ്മനാണല്ലോ അവിടെ മുതൽചുമതല നടത്തി വരുന്നതു. വേറൊരാളെ നിയമിച്ചു കല്പന അയക്കുന്നതു വരെ കൊച്ചിട്ടി തൊമ്മനെക്കൊണ്ടു തന്നെ മുതൽ ചുമതല ക്രമമായി നടത്തിച്ചു കൊള്ളുകയും വേണം.

ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയക്കുന്നതാണ്. എന്നു 103 മിഥുനം 26-നു കോട്ടയം സിമ്മനാരി.

885. കുറ്റിക്കണ്ടത്തിൽ കത്തനാർക്കും,

896. ... വിധിയെക്കുറിച്ചും, ടിയാന്റെ വിദേശയാത്രയെക്കുറിച്ചും മറ്റും. 103 മിഥുനം 26-നു കോട്ടയം സിമ്മനാരി.

7th July

Pakanham - Walsh, Bishop, Principal, Bishops College.

My dear Lord Bishop,

I am in ....

897. പാലപ്പിള്ളിൽ കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും.

898. മങ്കുഴിയിൽ ഗീവറുഗീസു കത്തനാർക്കും

899. വൈശ്യൻപറമ്പിൽ കുറിയാക്കോസിനും

900. ചുങ്കത്തു ഇയ്യുവിനും

901. വാരിക്കാട്ടു ഉമ്മച്ചനും

902. മേഴ്സി മെഡിക്കൽ സ്കൂളിലെ സുറിയാനി ക്രിസ്ത്യാനി വിദ്യാർത്ഥികൾക്കും

903. എം. പി. വർക്കിക്കും (തൃപ്പൂണിത്തുറ)

904. ചേലക്കര ഇയ്യുവിനും

905. കാർത്തികപ്പള്ളി സെന്റ് തോമസ് വേദാദ്ധ്യായന സംഘത്തിനും. കേസിന്റെ ജയത്തിൽ അനുമോദിച്ചതിനു മറുപടി. ടി തീയതി.

906. ഇലഞ്ഞിക്കൽ കൊച്ചുണ്ണൂണ്ണിക്കു. പണം ഉടൻ അയക്കാമെന്നും മറ്റും.

907. കെ. സി. മാത്യു വക്കീലിനു. കേസിന്റെ ഡിക്രിയും ജഡ്ജ്മെന്റും പകർപ്പ് എടുപ്പിക്കുന്നതിനു. ടി തീയതി. ടി സ്ഥലം.

910. കൈതയിൽ കൊച്ചുഞ്ഞിനു. നേത്രവേലി നിലത്തിന്റെ പാട്ടംവകയിൽ നിന്നും കൊടുത്തയച്ച രൂപാ ... കിട്ടി. 200 കൂടി ഉടൻ എത്തിച്ചുതരണമെന്നു. മീനത്തിൽ തിരുവനന്തപുരത്തു ...

911. ... മത്തായി കത്തനാർക്കു. കേസിന്റെ വിധിയിൽ അനുമോദിച്ചതിനു മറുപടി. 103 മിഥുനം 30-നു കോട്ടയം സിമ്മനാരി.

912. ചെമ്പോലത്ര അവറാഹത്തിനു. ടി കാര്യം.

913. ... ഇട്ടൂപ്പു വറിയതിനു. ടി കാര്യം.

915. വടക്കേ ഇച്ചിപ്പിള്ളിൽ ജോണിനു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

916. കൊപ്പാറ ഗീവറുഗീസു കത്തനാർക്കു. ടി കാര്യം.

917. കൊച്ചുപുരയ്ക്കൽ ഏലിയാച്ചനും,

918. പുന്നൂസു വക്കീലിനും. കേസിന്റെ ജയത്തിൽ അനുമോദിച്ചതിന് മറുപടി. 103 മിഥുനം 31-നു കോട്ടയം സിമ്മനാരി.

919. ചാലിൽ കുഞ്ഞിനും,

920. ... സ്കറിയാ കത്തനാർക്കും,

921. കുരിശുങ്കൽ മാണി കത്തനാർക്കും,

922. പുതുശ്ശേരിൽ യൗസേപ്പു കത്തനാർക്കും,

923. ... പൈലിക്കും,

924. കിഴക്കുംകര കുഞ്ഞുവർക്കിക്കും. വി. സഭയിലെ സമാധാനത്തിനായി ഉത്സാഹിക്കണമെന്നും ഇതു നല്ല സമയമാണെന്നും വിവരങ്ങൾ അറിയിക്കണമെന്നും മറ്റും.

931. ചെറുവത്തൂർ മാത്തു ഉതുപ്പിനും,

932. ഇട്ടിമാത്തു ഈയ്യപ്പനും,

933. .... കുര്യപ്പനും,

934. കിഴക്കുംകര പൗലൂസിനും,

935. മണലിൽ കോശി ഗീവറുഗീസിനും,

936. കരവട്ടുവീട്ടിൽ എയ്പ്പോരയ്ക്കും,

937. പുത്തൂപ്പിള്ളിൽ കെ. റ്റി. പോത്തൻ മുതൽപേർക്കും. വട്ടിപ്പണക്കേസിന്റെ വിധിയിൽ അനുമോദിച്ചു അയച്ച എഴുത്തുകൾക്കു മറുപടികൾ. 103 കർക്കടകം 2-നു കോട്ടയം സിമ്മനാരി.

938. മാന്തിളിർ പള്ളിക്കാർക്കു. വട്ടിപ്പണക്കേസിന്റെ വിധിയിൽ നിങ്ങളോടു കൂടി നാമും ദൈവത്തെ സ്തുതി ചെയ്യുന്നു. കുറെ വർഷങ്ങളായി ആ പള്ളി വക വരുമാനങ്ങൾ കൃത്യമായി പിരിയാതെ പലരും കുടിശിഖയായി നിൽക്കുന്നതുകൊണ്ടു പള്ളിയുടെ ആവശ്യപ്പെട്ട ചിലവുകൾക്കു പണമില്ലാതെ കടം വാങ്ങി ചിലവിടേണ്ടി വരുന്നു എന്നും മറ്റും നാം അറിയുന്നതിൽ ഖേദിക്കുന്നു. പള്ളിക്കു കൊടുപ്പാനുള്ള വരുമാനങ്ങൾ കൊടുക്കാതെ ലാഭിക്കുന്നതു നന്നല്ല. പള്ളിക്കും പട്ടക്കാർക്കും ഉള്ള വരുമാനങ്ങൾ ...

939. ... വരുമാനം ടി ശാലേം പള്ളിയിൽ കെട്ടിവയ്പ്പിച്ചിരിക്കയാണല്ലോ. ആ വരുമാനങ്ങൾ നമ്മുടെ അറിവോടു കൂടി മാത്രമേ തരികയുള്ളു എന്നു ശാലേം പള്ളിക്കാർ പറയുന്നതുകൊണ്ടു നമ്മുടെ അറിവോടു കൂടിയാണു എന്നുള്ളതിലേക്കു ഈ കല്പന തന്നെ സാക്ഷ്യത്തിനായി തന്റെ പേർക്കു അയക്കുന്നു. ഈ നമ്മുടെ കല്പന തന്നെ ടി പള്ളി മുതൽപിടിയെ കാണിച്ചു പണം വാങ്ങി താൻ രസീതു കൊടുത്തുകൊള്ളണമെന്നും മറ്റും. 103 കർക്കടകം 2-നു കോട്ടയം സിമ്മനാരി.

940. ഇലഞ്ഞിക്കൽ കൊച്ചുണ്ണൂണ്ണിക്കു. ശീലക്കൂട്ടത്തിന്റെ വിലയായ രൂപാ 112 ഉം അനുജൻ വക്കീൽ ...വിന്റെ വശം ഏല്പിച്ചിരുന്നു എന്നും മറ്റും. ടി മാസം 3-നു. ടി സ്ഥലം.

941. ഒ. എം. ചെറിയാച്ചനു. ...

952. ... 103 കർക്കടകം 5-നു കോട്ടയം സിമ്മനാരി.

953. ചാത്തുരുത്തിൽ ചെറിയാൻ കുര്യയ്ക്കു. അമ്മയുടെ മരണത്തിൽ അനുശോചിച്ചു.

954. തൊഴിയൂർ കൂറിലോസു മെത്രാച്ചനു. കേസിന്റെ വിധിക്കുശേഷം സമാധാനത്തിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

955. പി. സി. വറുഗീസു വൈദ്യനു (മൂസൽ). കേസിന്റെ വിധിയെപ്പറ്റിയും

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഇവിടെ സഭയിൽ സമാധാനമുണ്ടാകേണ്ട കാര്യത്തെക്കുറിച്ചും അവിടുത്തെ ബാവായുടെ വർത്തമാനങ്ങളെക്കുറിച്ചും മറ്റും. 1928 ജൂലൈ 21-നു.

956. ചീരാമ്യാലിൽ കത്തനാർക്കു. വർത്തമാനങ്ങൾ.

957. ... കത്തനാർക്കു. സഭയിൽ സമാധാനമുണ്ടാക്കുന്നതിനായുള്ള നമ്മുടെ ... പ്രവൃത്തിക്കണമെന്നും സമാധാനമുണ്ടാകുന്നപക്ഷം ...

963. ... മറ്റും. 103 കർക്കടകം 8-നു കോട്ടയം സിമ്മനാരി.

964. കരിമരത്തിനാൽ കൊച്ചുകോശിക്കു. ടി കല്പനപ്രകാരം തന്നെ.

965. കായംകുളം പള്ളി കൈക്കാരൻ കിളിലേത്തു ഫീലിപ്പോസിനു. വട്ടിപ്പണക്കേസു വിധിയെക്കുറിച്ചും, അവിടത്തെ ചില കുഴപ്പങ്ങളെപ്പറ്റി നാം പറഞ്ഞു ഇന്നലെ വന്നവരോടു ശരിപ്പെടുത്തിയിട്ടുണ്ടെന്നും മറ്റും.

966. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു.

967. പുത്തൻപുരയിൽ ഫീലിപ്പോസു വക്കീലിനു. സമരിക്കേസ് എന്തായിയെന്നും മറ്റും. 103 കർക്കടകം 9-നു.

103 കർക്കടകം 9-നു. ഇന്നു രണ്ടു മണിക്കു ഔഗേൻ തീമോത്തിയോസു മെത്രാപ്പോലീത്തായും വേറെ പ്രധാനികളായ ഇരുഭാഗത്തേയും ഏതാനും പട്ടക്കാരും അത്മായക്കാരും കൂടി പിറവത്തു വച്ചു കണ്ടു സമാധാനത്തെ സംബന്ധിച്ചു ചുരുക്കമായി അവരുടെ വാദത്തിന്റെ ...



968. കാതോലിക്കാ ബാവായ്ക്കു. ... ടി തീയതി. ടി സ്ഥലം.

970. കറുകയിൽ കൊച്ചുഞ്ഞിനു. 7-നു അയച്ചിരുന്ന കല്പനപ്രകാരം ഈപ്പച്ചന്റെ മകൻ ഈട്ടുപ്പുവശം കൊടുത്തയച്ച രൂപാ 200-ഉം ഇന്നു കിട്ടിയെന്നു. 103 കർക്കടകം 9-നു കോട്ടയം സിമ്മനാരി.

971. ... വർത്തമാനങ്ങൾക്കു.

972. ജോൺ വക്കീലിനു. തീമോത്തിയോസു മെത്രാച്ചനുമായി സമാധാന കാര്യത്തെക്കുറിച്ചാലോചിച്ച നിശ്ചയങ്ങൾക്കും മറ്റും.

973. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. ടി വർത്തമാനങ്ങൾക്കും വക്കാലത്തുകൾ അയക്കുന്നുയെന്നും വട്ടിപ്പണം ഉടൻ വാങ്ങിക്കേണ്ടതിനെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

974. ... കത്തനാർക്കു. അഭിനന്ദനങ്ങൾക്കു മറുപടി. ടി തീയതി. ടി സ്ഥലം.

975. ജോൺ വക്കീലിനു. ഒരു വക്കാലത്തു പിടിക്കുന്നതിനു. 103 കർക്കടകം 11-നു കോട്ടയം സിമ്മനാരി.

976. കായംകുളത്തു പള്ളിക്കാർക്കു. പ്രിയരെ, കഴിഞ്ഞ ഞായറാഴ്ച നിങ്ങൾ ഇവിടെ വന്നിരുന്നപ്പോൾ അവിടെ ഒന്നായി നടത്തി വന്നിരുന്ന വായനയോഗത്തിൽ ഉണ്ടായ ഭിന്നതയെ സംബന്ധിച്ചും, മുതൽപിടിക്കാരന്റെ കേസും, അപ്പീൽ കൊടുക്കേണ്ടതിനെക്കുറിച്ചും നിങ്ങൾ നമ്മോടു അറിയിക്കയുണ്ടായല്ലോ. വായനയോഗം മുൻ നടത്തിവന്നിരുന്നപോലെ മേലാലും ഒന്നായിതന്നെ നടത്തുകയാണു വേണ്ടതെന്നും ഭിന്നത നിമിത്തം മുടങ്ങിയിരിക്കുന്ന സണ്ടേസ്കൂൾ പുനർജീവിപ്പിച്ചു വീഴ്ച കൂടാതെ വീണ്ടും നടത്തിക്കൊള്ളണമെന്നും നാം നിങ്ങളോടു ശട്ടംകെട്ടി അയച്ചപ്രകാരം നടത്തിക്കൊള്ളണം. മുതൽപിടിക്കാരന്റെ കേസു അപ്പീൽ കൊടുക്കുന്നതിനു തൽക്കാലം 200 രൂപായോളം വേണ്ടി വരുന്നതിനാൽ ... കൈക്കാരന്റെ ... 103 കർക്കടകം 13-നു കോട്ടയം സിമ്മനാരി.

981. പാലത്തിങ്കൽ ഇത്താപ്പിരിക്കു. വർത്തമാനങ്ങൾക്കു.

982. കോലാടി പൗലൂസ് കത്തനാർക്കു. സമാധാനാലോചനയെക്കുറിച്ചും മറ്റും.

983. ഔസേപ്പു കൊച്ചുകുഞ്ഞിനു (ഊളമ്പാറ). കേസിന്റെ വിധിയെക്കുറിച്ചു.

984. കരപ്പിള്ളിൽ തോമ്മസു കത്തനാർക്ക്. വർത്തമാനങ്ങൾക്ക്.

985. ചക്കോലിൽ ഉണ്ണൂണ്ണിക്കു. വക്കീൽ ഫീലിപ്പോച്ചനെ കാർത്തികപ്പിള്ളിക്കാർ അനുമോദിക്കുവാൻ പോകുന്നതിൽ സന്തോഷിക്കുന്നു എന്നും, ആ മീറ്റിംഗിൽ സംബന്ധിക്കാമെന്നും മറ്റും.

986. എം. സി. ജോസെപ്പു വക്കീലിനു. മൂവാറ്റുപുഴ ... മെന്നും മറ്റും.

987. ... കത്തനാർക്കു. തഴവാ ...

988. ... മാത്യു വക്കീലിനു. സമുദായ വർത്തമാനങ്ങൾ മുതലായവയ്ക്കു.

989. ജോൺ വക്കീലിനു. എതൃകക്ഷി മെത്രാന്മാർ ആലുവായിൽ കഴിഞ്ഞ വെള്ളിയാഴ്ച കൂടി ആലോചിച്ച സംഗതികളായ ഭരണഘടനയുണ്ടാക്കുക ... മെന്നും മറ്റും. 103 കർക്കടകം 15-നു കോട്ടയം സിമ്മനാരി.

990. ഇ. ജെ. ഫീലിപ്പോച്ചനു. ടി കാര്യത്തെക്കുറിച്ചു തന്നെ. നിങ്ങളെല്ലാവരും കൂടി ആലോചിച്ചു അറിയിക്കണമെന്നും, വട്ടിപ്പണം വാങ്ങിക്കുന്നതിനു ഹർജി കൊടുക്കണമെന്നും മറ്റും.

996. ... ദോഷമായതു അപ്പീൽ കൊടുക്കണമെന്നും അതിനു പണത്തിനു പള്ളിക്കാർക്കു കല്പന അയച്ചിട്ടുണ്ടെന്നും മറ്റും. 103 കർക്കടകം 16-നു കോട്ടയം സിമ്മനാരി.

997. പാലപ്പിള്ളിൽ കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും.

998. കുറ്റിക്കണ്ടത്തിൽ അലക്സന്ത്രയോസു കത്തനാർക്കു. ചാലക്കുഴി കത്തനാച്ചനെ വേണ്ടപോലെ ചൊല്ലിച്ചു സഹകരിക്കുന്നതിനു നിശ്ചയിച്ചാക്കേണ്ടതാണെന്നും മറ്റും.

999. ഫീലിപ്പോസു കത്തനാർക്കു (പരുമല). വർത്തമാനങ്ങൾക്കു.

1000. കാർത്തികപ്പിള്ളി ഫീലിപ്പോസു വക്കീലിനും

1001. ... കത്തനാർക്കും ...

1012. കല്ലറയ്ക്കൽ കുഞ്ഞിക്കോരക്കു. സമാധാനകാര്യത്തെക്കുറിച്ചും അതിൽ വേണ്ടതുപോലെ പ്രയത്നിക്കണമെന്നും. 103 കർക്കടകം 17-നു കോട്ടയം സിമ്മനാരി.

1013. കരവട്ടു കുഞ്ഞുവർക്കിക്കു. പ്രിയനെ, ആ പള്ളി സംബന്ധമായ ചില സംഗതികളെക്കുറിച്ചു കണ്ടു സംസാരിച്ചാൽകൊള്ളാമെന്നു നമുക്ക് ആഗ്രഹമുണ്ട്. അതിനാൽ സൗകര്യംപോലെ അടുത്ത ഒരു ദിവസം ഇത്രടം വന്നുപോയാൽ കൊള്ളാം. ശേഷം കാഴ്ചയിൽ. 103 കർക്കടകം 17-നു കോട്ടയം സിമ്മനാരി.

1014. നെടുന്തള്ളിൽ സ്കറിയാ കത്തനാർക്കു. സമാധാനത്തെപ്പറ്റി ദുർവാശി വിട്ടും, മനസ്സാക്ഷി അനുസരിച്ചും പരിശുദ്ധാത്മ നൽവരങ്ങളെ നിന്ദിക്കാതെയും ആലോചിക്കുന്നതിനു. 103 കർക്കടകം 18-നു കോട്ടയം സിമ്മനാരി.

1015. മണലിൽ മാത്യൂസ് കത്തനാർക്കു. ചാലക്കുഴി ഗീവറുഗീസു കത്തനാരെ കൂട്ടിക്കൊണ്ടു അവിടെ തെക്കേ പുത്തൻപള്ളിയിൽ മുടങ്ങിക്കിടക്കുന്ന തവണകൾ നടത്തിക്കുന്നതിനെപ്പറ്റി ...

1021. ... കേട്ടിരിക്കുന്നതിനാൽ കോരയെ ഇവിടെ പറഞ്ഞ ... താനും കൂടി വന്നു വേണ്ട പരിഹാരമാർഗ്ഗം ആലോചിക്കണമെന്നും മറ്റും. 103 കർക്കടകം 20-നു കോട്ടയം സിമ്മനാരി.

1022. കൈതയിൽ കുഞ്ഞച്ചനു. പള്ളിക്കൂട സംഗതിയെക്കുറിച്ചും, കല്ലൂർ കൊച്ചുകത്തനാർ എതൃകക്ഷിക്കു എഴുതിക്കൊടുത്ത ഉടമ്പടി റദ്ദു ചെയ്തു വേണ്ട ഉടമ്പടി എഴുതിതന്നാൽ അയാളുടെ കാര്യത്തെപ്പറ്റി വേണ്ടപ്രകാരം ആലോചിക്കാമെന്നുള്ളതിനെക്കുറിച്ചും.

1023. വഞ്ചിയിൽ ഫീലിപ്പോസു കത്തനാർക്കു. വർത്തമാനങ്ങളും, ടിയാന്റെ തൽക്കാല ജീവിതമാർഗ്ഗങ്ങളെക്കുറിച്ചും.

1024. ചെറുവത്തൂരു ഉതുപ്പിനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1032. ബഥനി മെത്രാച്ചനും,

1033. പാലപ്പിള്ളി കത്തനാർക്കും,

1034. കെ. സി. മാത്യു ക്ലർക്കിനും. സിമ്മനാരി വിധിയെക്കുറിച്ചു. 103 കർക്കടകം 22-നു കോട്ടയം സിമ്മനാരി.

1035. അസോസ്യേഷൻ മാനേജിംഗ് കമ്മിറ്റി മെമ്പറായ പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. പ്രിയനെ, നമ്മുടെ സമുദായം വക വട്ടിപ്പണക്കേസു ഹൈക്കോർട്ടിൽ അവസാനമായി തീരുമാനിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ പള്ളിപ്രതിപുരുഷന്മാരുടെ ഒരു യോഗം കൂട്ടി സമുദായ സംബന്ധമായ പല സംഗതികളെക്കുറിച്ചും ആലോചിച്ചു തീരുമാനിക്കേണ്ട ആവശ്യമുണ്ടെന്നും, ...

1045. ചിറക്കടവിൽ കോരുള അബ്രാഹത്തിനും.

1046. കെ. വി. ചാക്കോയ്ക്കു (സിക്രട്ടറി).

1047. കാതോലിക്കാ ബാവായ്ക്കു. ഈ മാസം 31-നു കൂടുന്നതിനു നിശ്ചയിച്ചിരിക്കുന്ന മാനേജിംഗ് കമ്മിട്ടിക്കു മുമ്പുകൂട്ടി വന്നുചേരണമെന്നു. 103 കർക്കടകം 23-നു കോട്ടയം സിമ്മനാരി.

1048. കൊച്ചുമെത്രാച്ചനും,

1049. ബഥനി മെത്രാച്ചനും. കാതോലിക്കാ ബാവായ്ക്കയച്ച എഴുത്തുകൾ പോലെ തന്നെ. ടി തീയതി. ടി സ്ഥലം.

1050. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. മാർത്തോമ്മാക്കാരുമായുണ്ടായ കേസിലെ ജഡ്ജ്മെന്റ് ഉടൻ അയച്ചുതരുന്നതിനു. കർക്കടകം 24-നു.

1051. ഇ.ജെ. ഫീലിപ്പോസു വക്കീലിനു. വർത്തമാനങ്ങൾക്കും. സമരിക്കേസിന്റെ സംഗതിക്കും മാനേജിംഗ് കമ്മിറ്റിക്കു വന്നുചേരണമെന്നും മറ്റും.

1052. പൂതക്കുഴിയിൽ കത്തനാർക്കു. ടി കാര്യം. ടി തീയതി.

1054. കാതോലിക്കാ ബാവായ്ക്കു. വർത്തമാനങ്ങൾക്കു. 103 കർക്കടകം 25-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

1055. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കും മാക്കാംകുന്നു കെട്ടിടം കൂദാശ ചെയ്യുന്ന തീയതി തമ്മിൽ കണ്ടു തീർച്ചപ്പെടുത്താമെന്നും മറ്റും.

1056. പാലപ്പിള്ളിൽ കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1057. ... വിള്ളിൽ മത്തായി കത്തനാർക്കു. വർത്തമാനങ്ങൾക്കും ...

1061. പാലത്തിങ്കൽ ഇത്താപ്പിരിക്കു. വർത്തമാനങ്ങൾക്കു. 103 കർക്കടകം 26-നു കോട്ടയം സിമ്മനാരി.

1062. ആറ്റുമാലിൽ സ്കറിയാ കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും.

1063. കിളീലേത്തു സ്കറിയായ്ക്കു. പള്ളിക്കേസിനു ആവശ്യത്തിനുള്ള പണത്തിന്റെ കാര്യത്തിനു നമ്മുടെ കൊട്ടയ്ക്കാട്ടു സ്കറിയായ്ക്കും, കത്തനാച്ചനും നാം കല്പന അയച്ചിട്ടുണ്ടെന്നും മറ്റും.

1064. കുന്നംകുളങ്ങരെ തെക്കേ കുരിശുപള്ളി കൈക്കാരൻ കോലാടി വടക്കൂട്ടു അയ്പു താരുവിനു. ആ പള്ളിയുടെ 102-ലെ തിരട്ടു അയച്ചുതന്നതു കിട്ടിയെന്നും ആ പള്ളിയുടെ എല്ലാവിധ ക്ഷേമകാര്യങ്ങളും അറിയുന്നതിൽ സന്തോഷിച്ചുകൊള്ളുന്നെന്നും.

1065. ... കിഴക്കേതലക്കൽ ഗീവറുഗീസു ശെമ്മാശന്റെ സംഗതിക്കും നാം അനുവദിച്ചു കല്പന അയക്കുന്നതാണ്. പതാര സംഗതിയെ സംബന്ധിച്ചു പൊതുയോഗത്തിന്റെ നിശ്ചയമായി ഒരു റിപ്പോർട്ടു ഇതിനു മുമ്പു താൻ നമുക്കയച്ചുതരികയും അതിനെ സംബന്ധിച്ചു നമ്മുടെ അഭിപ്രായവും നിശ്ചയവും അടങ്ങിയ ഒരു കല്പന തന്റെ മേൽവിലാസത്തിൽ ആ പള്ളിയ്ക്കായി നാം അയയ്ക്കുകയും ചെയ്തിരുന്നതു ഓർക്കുമല്ലോ. അതിനു യോഗത്തിൽ നിന്നോ തന്റെ ഭാഗത്തു നിന്നോ ഒരു മറുപടിയും നമുക്കു അയച്ചുതന്നിട്ടില്ല. ... യോഗപ്രധാനികൾ എന്നിവരിൽ ഏതാനും ആളുകളെയെങ്കിലും നമ്മുടെ അടുക്കൽ വരുത്തി ...

1066. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. കേസിന്റെ വർത്തമാനങ്ങളും ... 103 കർക്കടകം 18-നു കോട്ടയം സിമ്മനാരി.

1068. കുന്നംകുളം പള്ളി കൈക്കാരൻ പായി ചാക്കുണ്ണിക്കു. മാർത്തോമ്മാക്കാരുമായുണ്ടായ സിവിൽ കേസിലെ ജഡ്ജ്മെന്റ് അയച്ചുതരുന്നതിനും മറ്റും. 103 കർക്കടകം 20-നു കോട്ടയം സിമ്മനാരി.

103 കർക്കടകം 30-നു ചൊവ്വാഴ്ച നാലര മണിക്കു സിമ്മനാരി പുരയിടം നമ്മുടെ കൈവശം സ്ഥിരപ്പെടുത്തി വിധിച്ചിരിക്കുന്നതനുസരിച്ചു നമുക്കു നടത്തിതരുന്നതിനു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് ഓർഡർ ഇട്ടു. അതനുസരിച്ചു പാർവ്വത്യക്കാരൻ 6 മണിക്കു ഇവിടെ വന്നു നമ്മുടെ കൈവശത്തിൽ പുരയിടം വിട്ടുതന്നു. ... മണിക്കു കാതോലിക്കാ ബാവായും കൊച്ചുമെത്രാച്ചനും വന്നു.

103 കർക്കടകം 31-ാം തീയതിയായ ഇന്ന് മാനേജിംഗ് കമ്മിറ്റി കൂടി. ഇപ്പോൾ ജീവിച്ചിരിക്കുന്ന 12 മെമ്പറന്മാരിൽ ചിറക്കടവിൽ അബ്രഹാമും, ചാക്കോ സൂപ്രണ്ടും ഒഴികെയുള്ള മെമ്പറന്മാർ എല്ലാവരും വന്നിട്ടുണ്ടായിരുന്നു. അവർ രണ്ടുപേരും ...

1104 ചിങ്ങം ഒന്നാം തീയതി. ഇന്നും കമ്മിറ്റി കൂടി. 3-4 നിശ്ചയങ്ങൾ പാസ്സാക്കി പിരിഞ്ഞു.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



ചിത്രം അനാച്ഛാദനം ചെയ്തു

1686-ൽ ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ ചേർന്ന സുന്നഹദോസിന്റെ (പള്ളി പ്രതിപുരുഷയോഗം) ഓർമ്മയ്ക്കായി തയ്യാറാക്കിയ ചിത്രത്തിന്റെ പ്രകാശനകർമ്മം ഡോ: മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നിർവ്വഹിച്ചു. ഈ കാലത്ത് ജനങ്ങളെ വിശ്വാസം പഠിപ്പിക്കേണ്ടതായ ആവശ്യം ഉണ്ട്. പല സഭകളും രൂപത്തിലും ഭാവത്തിലും വേഷത്തിലും സമാനമായ വേഷഭാവങ്ങളും, അതുപോലെയുള്ള പലതും നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന കാലത്ത് ചെങ്ങന്നൂർ സുന്നഹദോസിന്റെ പ്രസക്തി വലുതാണ്. ഓർത്തഡോക്സ് വിശ്വാസത്തിന്റെ ആണിക്കല്ല് ഈ സുന്നഹദോസാണെന്ന് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് പറഞ്ഞു. ചരിത്രകാരനായ ഡോ. എം. കുര്യൻ തോമസ് ആമുഖ പ്രഭാഷണം നടത്തി, ഫാ. സ്റ്റീഫൻ വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ഫാ. പി. കെ. കോശി (ഭദ്രാസന സെക്രട്ടറി), ചിത്രകാരൻ ജിജുലാൽ, ജോസ് മാത്യു, ജോൺ ഫിലിപ്പ്, ദാനിയേൽ ജോർജ്ജ്, പി. വി. ജോൺ എന്നിവർ പ്രസംഗിച്ചു .

ചിത്രകാരനായ ജിജുലാലാണ് ചിത്രം വരച്ചത്. 1685-ൽ മാർ ബസേലിയോസ് എൽദോ മഫ്രിയാനോ ടോപ്പം മലങ്കരയിലെത്തിയ മാർ ഈവാനിയോസ് ഹദിയളയുടെ അദ്ധ്യക്ഷതയിലാണ് ചെങ്ങന്നൂർ സുന്നഹദോസ് കൂടിയത്. മലങ്കരസഭയ്ക്ക് സുറിയാനി സഭയുടെ സത്യവിശ്വാസ സംഗ്രഹം ഔദ്യോഗികമായി പുനഃസ്ഥാപിച്ചത് ചെങ്ങന്നൂർ സുന്നഹദോസിലാണ്.

ബർലിനിൽ പ. കാതോലിക്കാ ബാവായ്ക്ക് സ്വീകരണം

ബർലിൻ: ജർമ്മനിയിലെത്തിയ പരിശുദ്ധ കാതോലിക്കാ ബാവാ, ജർമ്മനിയിലെ ഇതര ഓർത്തഡോക്സ് സഭകളുടേയും കത്തോലിക്കാ സഭയുടെയും അധ്യക്ഷന്മാരുമായും, ഇന്ത്യൻ നയതന്ത്ര പ്രതിനിധികളുമായും വിവിധ വിഷയങ്ങളിൽ ചർച്ച നടത്തും. മാർച്ച് 30-ന് ജർമ്മനി സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിൽ വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കും. ഏബ്രഹാം മാർ സ്തേഫാനോസ് ഉൾപ്പെടെയുള്ള പ്രതിനിധി സംഘം പരിശുദ്ധ പിതാവിനെ അനുഗമിക്കും. പ്രഥമ സന്ദർശനത്തിൽ മാർച്ച് 26-ന് ബർലിനിൽ വിശ്വാസികൾ പ. പിതാവിന് ഉജ്ജ്വലമായ സ്വീകരണം നൽകും.

സപ്തതി നിറവിൽ

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

ലോകം മുഴുവൻ സുവിശേഷം അറിയിക്കണമെന്ന ക്രിസ്തുവചനം സ്വമനസ്സാലെ ഏറ്റെടുത്ത ഇടയനാണ് സപ്തതി നിറവിലായ അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലിത്താ. ബൈബിൾ ദർശനങ്ങൾ ലളിതവും ഹൃദ്യവുമായി ആഗോളതലത്തിൽ എത്തിക്കുന്ന പ്രശസ്ത ധ്യാനഗുരുവും അങ്കമാലി മെത്രാസന അദ്ധ്യക്ഷനുമായ അദ്ദേഹം 2025 മാർച്ച് 30-ന് 70 വയസിന്റെ നിറവിൽ. സപ്തതിയോടനുബന്ധിച്ച് ഈ ഞായറാഴ്ച 'വേദധ്യാനം' എന്ന ഗ്രന്ഥം പരുമല പള്ളിയിൽ വെച്ച് പ്രകാശനം ചെയ്യും.

യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലിത്തായുടെ പ്രഭാത ധ്യാന സ്പന്ദനങ്ങളാണ് 'വേദധ്യാനം'. ദൈവവചനത്തിന്റെ അക്ഷയഖനിയായ ബൈബിളിലെ ആദ്യ അഞ്ചു ഗ്രന്ഥങ്ങളിലെ വചനപ്പൊരുളാണ് ധ്യാനത്തിൽ ഉൾച്ചേർത്തിരിക്കുന്നത്. വിസ്തൃതമായ പഞ്ചഗ്രന്ഥത്തിലെ മർമ്മപ്രധാനമായ സത്തകൾ ധ്യാനഭാഷയിൽ ഹൃദ്യമായി അവതരിപ്പിക്കുന്ന വേദ ധ്യാനം അദ്ദേഹത്തിന്റെ പത്താമത്തെ ഗ്രന്ഥമാണ്. കഴിഞ്ഞ ഒൻപത് വർഷമായി ഒരു ദിവസം പോലും മുടങ്ങാതെ സാമൂഹിക മാധ്യമങ്ങൾ വഴി നടത്തുന്ന പ്രഭാത ധ്യാനത്തിലെ തെരഞ്ഞെടുത്ത വചന വിശകലനങ്ങളാണിത്.

പഞ്ചഗ്രന്ഥങ്ങളെക്കുറിച്ചുള്ള ഈ 'വേദധ്യാനം' സാധാരണ വിശ്വാസികൾക്ക് ആത്മീയ ഉത്തേജനവും വേദ ഉൾബോധവും പകരുവാൻ പര്യാപ്തമാണ്. ചെറിയ ചെറിയ വാചകങ്ങളിൽ, സാധാരണജനങ്ങളുടെ സംഭാഷണ ശൈലിയിൽ, വേദവചനത്തിലെ ആഴങ്ങൾ മുങ്ങിതപ്പി അമൂല്യമായ മുത്തുകൾ ശേഖരിച്ച് ധ്യാന ചിന്തകളായി ഇതിൽ അവതരിപ്പിക്കുന്നു. ഈ പഞ്ചഗ്രന്ഥ വേദ പഠനം വിശ്വാസികളുടെ വേദധ്യാന ത്തിന് ആദ്ധ്യാത്മീക സൗന്ദര്യം പകരുവാൻ വഴി ഒരുക്കും.

ആഗോളതലത്തിൽ ദൈവവചനം സംവേദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2016 ഫെബ്രുവരി 15-ന്, വലിയനോമ്പ് തിങ്കളാഴ്ച ആരംഭിച്ച 'ഉദയ നാദം' എന്ന പ്രഭാഷണ പരമ്പരയാണ് ഇന്നും അനുസ്യൂതം തുടരുന്നത്. വിവിധ വാട്സാപ്പ് ഗ്രൂപ്പിലൂടെയും സാമൂഹിക മാധ്യമ ചാനലുകൾ വഴിയും ഈ പ്രഭാത സന്ദേശം ജനഹൃദയങ്ങളിൽ എത്തിച്ചേരുന്നു.

വേദ വചന പ്രബോധനം ക്രമീകൃതമായി വ്യാഖ്യാനിക്കുന്നതിലുള്ള അദ്ദേഹത്തിന്റെ അഭിവാഞ്ഛ വളരെ പ്രശംസനീയമാണ്. നിരന്തരമായ ബൈബിൾ - ധ്യാന മനനത്തിൽ നിന്നും ആർജ്ജിക്കുന്ന ആദ്ധ്യാത്മീക ചൈതന്യവും ദർശനവുമാണ് വചന വിശകലനങ്ങളിൽ പ്രകാശം പരത്തുന്നത്. സാമൂഹിക വിശകലനവും വിമർശനവും വേദ വെളിച്ചതിൽ പകരുന്നത് പ്രവാചക ബോധ്യത്തോടെയാണ്. ഇത് വേദ വായനയ്ക്ക് പുത്തൻ കാഴ്ചപ്പാടുകൾ പകരുന്നു.

വിശ്വാസികൾ ബൈബിൾ പഠിക്കണം എന്ന ബോധ്യത്തിലാണ് ഈ സത്കർമ്മത്തിന് യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലിത്ത തുടക്കം കുറിച്ചത്. അതിനാൽ മഹാപ്രളയ കാലത്തും കോവിഡ് മഹാമരിയിലും അനർഗ്ഗളമായി പ്രവഹിച്ച അദ്ദേഹത്തിന്റെ സാന്ത്വന സ്പർശമായ വചനബോധനം വിശ്വാസികളെ പ്രത്യാശയിൽ ശക്തിപ്പെടുത്തി. പ്രഭാതകാല തിരുവചന കേൾവി വിശ്വാസ ജീവിതത്തിന് ആത്മനിറവ് പകരുന്നതായി അനേകർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കഠിനമായ തപസ്യയും നിശ്ചയദാർഢ്യവും ദൈവാശ്രയവുമാണ് വലിയ പ്രതിസന്ധികളെ അതിജീവിച്ച് അഭംഗുരം ഈ വചന ബോധനം തുടരുവാൻ കഴിയുന്നത്.

വിവിധ മാധ്യമങ്ങൾ വഴി യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലിത്ത നടത്തുന്ന വേദധ്യാനത്തിൽ വേദവാക്യങ്ങൾ, പഴമൊഴികൾ, നാടൻ ഭാഷാപ്രയോഗങ്ങൾ, സംഭാഷണ ശൈലികൾ, നാടൻ കഥകൾ, അനുഭവ പാഠങ്ങൾ, ആരാധനാനുഷ്ഠാന ശൈലികൾ, പൗരസ്ത്യ വേദ വിജ്ഞാനീയം എന്നിവ എല്ലാം ആഴമായി സമന്വയിപ്പിക്കുന്നു.

ബൈബിൾ പഠനത്തിന് ജനകീയ ഭാവം പകരുവാൻ അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലിത്തായുടെ സാമൂഹിക മാധ്യമങ്ങളിലൂടെ ക്രമമായി നടത്തുന്ന വേദധ്യാനം സഹായിക്കുന്നു. അവ വിശ്വാസികളെ കൂടുതൽ ധ്യാനാത്മകവും ഭാവസാന്ദ്രവുമാക്കി ആത്മീയ ജീവിതത്തെ പരിപക്വമാക്കുന്നു.

അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലിത്തായുടെ പ്രഭാതത്തിൽ എത്തിച്ചേരുന്ന ഹൃസ്വവും ഹൃദ്യവുമായ ദിവ്യസന്ദേശം 2025 മാർച്ച് 30-ന് 3333 എപ്പിസോഡുകൾ വിജയകരമായി പൂർത്തികരിക്കും. സമകാലിക പശ്ചാത്തലത്തിൽ എല്ലാ പ്രഭാതത്തിലും നടത്തുന്ന ലളിതവും സുന്ദരവുമായ വേദധ്യാനം അനേകർക്ക് ആത്മീയ ഊർജ്ജം പകരുന്നു.

അഖില മലങ്കര യുവജനപ്രസ്ഥാനം, മർത്തമറിയം സമാജം എന്നിവയുടെ പ്രസിഡൻറായി ദീർഘകാലം പ്രവർത്തിച്ചതിനാൽ വേദപഠനത്തിനും പ്രബോധനത്തിനും നിരവധി വേദികൾ ലഭ്യമായി. ദൈവ വചനത്തിന്റെ ഹൃദയതാളമാണ് എല്ലാ പ്രഭാതത്തിലും വിശ്വാസികളിലേക്ക് ഒഴുകി എത്തുന്നത്.

സാമൂഹിക മാധ്യമങ്ങളിലൂടെ നടത്തിയ സങ്കീർത്തന വചന കേൾവിയുടെ അക്ഷര സമാഹാരം 'ഉദയനാദം' എന്ന പേരിൽ നാല് വാല്യങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബൈബിൾ ഉല്പത്തി മുതൽ യിരമ്യാവ് വരെ തുടർച്ചയായി നടത്തിയ പ്രസംഗങ്ങൾ എല്ലാം



പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ബൈബിൾ ആദിയോടന്തം ധ്യാന പംക്തിയിൽ ആവിഷ്കരിച്ചിട്ടുണ്ട്. അവ ഗ്രന്ഥങ്ങളായി ഉടനെ പ്രസിദ്ധീകരിക്കും.

എഴുപതിന്റെ നിറവിൽ തിരിഞ്ഞു നോക്കുമ്പോൾ പ്രതിസന്ധികളിൽ ദൈവത്തിന്റെ നടത്തിപ്പു ശക്തമായി തിരിച്ചറിഞ്ഞു എന്നും ഓരോ ജീവിതാനുഭവവും പുതിയ പാഠങ്ങളായി എന്നും യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലിത്ത പറഞ്ഞു.

യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ: ജീവിതരേഖ

പാലക്കാട് വടക്കഞ്ചേരി പന്നിയങ്കര പറേകുന്നിൽ കുടുംബത്തിലെ പരേതരായ പി.വി.സക്കറിയയുടെയും, അന്നമ്മ സക്കറിയയുടെയും മകനായി 1955 മാർച്ച് 30-ന് ജനനം. തേനിടുക്ക് മാർ ഗ്രിഗോറിയോസ് പള്ളിയാണ് മാതൃ ഇടവക.

ആയക്കാട് ചാമി അയ്യർ ഹൈസ്കൂളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസവും, ആലത്തൂർ എസ്.എൻ.കോളേജിൽ നിന്ന് ബിരുദവും നേടി. കേരള സർവ്വകലാശാലയിൽ നിന്ന് സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് 1978-ൽ GST യും 1979-ൽ BD യും കരസ്ഥമാക്കി. 1990-ൽ ജനീവയിലെ ബോസ്സെ എക്യുമിനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എക്യുമിനിക്കൽ തിയോളജിയിൽ ഡിപ്ലോമ നേടി.

1977 മാർച്ച് 25-ന് യൂഹാനോൻ മാർ സേവേറിയോസിൽ നിന്ന് പഴയ സെമിനാരിയിൽ വച്ച് ഉപശെമ്മാശപട്ടവും, 1979ഡിസംബർ 9-ന് ജോസഫ് മാർ പക്കോമിയോസിൽ നിന്ന് വെട്ടിക്കൽ ദയറായിൽ വച്ച് പൂർണ്ണശെമ്മാശപട്ടവും സ്വീകരിച്ചു, 1980 ജനുവരി 7-ന് യൂഹാനോൻ മാർ സേവേറിയോസിൽ നിന്ന് തേനിടുക്കു മാർ ഗ്രീഗോറിയോസ് പള്ളിയിൽ വച്ച് കശ്ശീശാപട്ടവും സ്വീകരിച്ചു. പ. ബസേലിയസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ 2008 ഒക്ടോബർ 23-ന് വെട്ടിക്കൽ ദയറായിൽ വച്ച് റമ്പാനായും 2009 ഫെബ്രുവരി 19-ന് പുതുപ്പള്ളി പള്ളിയിൽ വച്ച് മെത്രാപ്പോലീത്തായായും വാഴിച്ചു.

കൊച്ചി, ഡൽഹി ഭദ്രാസനങ്ങളിൽ വൈദികനായിരുന്നു. സൺഡേസ്കൂൾ ഡയറക്ടർ, കൊരട്ടി സിയോൻ സെമിനാരി മാനേജർ, പരുമല സെമിനാരി മാനേജർ, C.M.I. കേരള റീജിയൻ ചാപ്ലിൻ, വെട്ടിക്കൽ ദയറാ മാനേജർ, തലക്കോട് സെൻറ് മേരീസ് ബോയ്സ് ഹോം ഡയറക്ടർ ബോർഡ് അംഗം, കോലഞ്ചേരി മെഡിക്കൽ കോളജ് ചാപ്ലിൻ, ഗവേണിംഗ് ബോഡി അംഗം, ബസേലിയോസ് വിദ്യാനികേതൻ സ്ഥാപകനും പ്രിൻസിപ്പലും, യുവജനപ്രസ്ഥാനം പ്രസിഡന്റ്, മർത്തമറിയം സമാജം പ്രസിഡൻറ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇപ്പോൾ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായായും, സഭയുടെ ഫിനാൻസ് കമ്മിറ്റി പ്രസിഡന്റായും കോലഞ്ചേരി മെഡിക്കൽ കോളേജ് വൈസ് പ്രസിഡൻറായും ചുമതല വഹിക്കുന്നു.

പ്രധാന കൃതികൾ: വചനത്തിന്റെ ഹൃദയതാളം, ഉദയനാദം (വാല്യം 1-4), പൊരുളിലേക്കുള്ള തീർത്ഥാടനം, തിരുവചനഗ്രന്ഥത്തിലെ സ്ത്രീലാവണ്യം, നല്കപ്പെട്ട വിശ്വാസവും നൽകപ്പെടേണ്ട വിശ്വാസവും, രഹസ്യങ്ങൾ വെളിപാടിലേക്ക്, വേദധ്യാനം.


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

ദെബോറ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)





ബൈബിളിലെ ഏറ്റവും ശ്രദ്ധേയരായ വ്യക്തികളിൽ ഒരാളാണ് ദെബോറ. അവൾ ഒരു പ്രവാചകിയും ലപ്പിദോത്തിന്റെ ഭാര്യയും ന്യായാധിപതിയും സൈനിക നേതാവും കവയിത്രിയും ആയിരുന്നു, ബൈബിൾ ചരിത്രത്തിലെ ഒരു അതുല്യയും ശക്തയുമായ സ്ത്രീയായി അവളെ കാണാം. അവളേക്കുറിച്ച് ന്യായാധിപന്മാർ 4, 5 അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. അവിടെ അവൾ ഇസ്രായേലിനെ കനാന്യ രാജാവായ യാബീനെയും അവന്റെ സൈന്യാധിപനായ സീസെരയെയും പരാജയപ്പെടുത്തിക്കൊണ്ട് വിജയത്തിലേക്ക് നയിക്കുന്നു. ദെബോറയുടെ നേതൃത്വം, ജ്ഞാനം, വിശ്വാസം, ധൈര്യം എന്നിവ അവളെ ഇസ്രായേലിന്റെ ചരിത്രത്തിലെ ഒരു മികച്ച വ്യക്തിയാക്കി.

1. ദെബോറയുടെ ജ്ഞാനവും നേതൃത്വവും

ദെബോറ തന്റെ ജ്ഞാനത്തിനും ശക്തമായ നേതൃത്വത്തിനും പേരുകേട്ടവളായിരുന്നു. ഒരു ന്യായാധിപതി എന്ന നിലയിൽ, ഇസ്രായേല്യർക്കിടയിൽ തർക്കങ്ങൾ പരിഹരിച്ച്, മാർഗനിർദേശം നൽകുകയും നീതി നിലനിർത്താൻ സഹായിക്കുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ദൈവത്തിന്റെ അധികാരത്തിൻ കീഴിൽ നീതിപൂർവ്വം വിധിച്ചപ്പോൾ ആളുകൾ ജ്ഞാനത്തിനും മാർഗനിർദേശത്തിനുമായി അവളുടെ അടുക്കൽ വന്നു. ന്യായാധിപന്മാർ 4:5 ൽ പറയുന്നു, 'എഫ്രയീം മലനാട്ടിലെ രാമയ്ക്കും ബേഥേലിനും ഇടയിലുള്ള ദെബോറയുടെ ഈന്തപ്പനയുടെ കീഴിൽ അവൾ അവരുടെ തർക്കങ്ങൾ തീർക്കാൻ അവളുടെ അടുക്കൽ പോയി.' ഈ വാക്യം അവളെ ജനങ്ങൾ വ്യാപകമായി ബഹുമാനിക്കുകയും വിശ്വസിക്കുകയും ചെയ്തുവെന്ന് തെളിയിക്കുന്നു.

ഇസ്രായേലിന്റെ സൈനിക തന്ത്രത്തിലും അവൾ ഒരു പ്രധാന പങ്ക് വഹിച്ചു. ഇസ്രായേലിന്റെ സൈനിക മേധാവിയായ ബാരാക്ക് കനാന്യർക്കെതിരെ യുദ്ധത്തിന് പോകാൻ മടിച്ചപ്പോൾ, ദെബോറ അവനെ പ്രോത്സാഹിപ്പിച്ച്, ആത്മീയമായും തന്ത്രപരമായും നയിക്കാനുള്ള അവളുടെ കഴിവ് കാണിച്ചു.

2. ദെബോറയുടെ വിശ്വാസവും ദൈവത്തോടുള്ള അനുസരണവും

ദൈവത്തിന്റെ ശക്തിയിലും നീതിയിലുമുള്ള അവളുടെ വിശ്വാസത്തിലാണ് ദെബോറയുടെ നേതൃത്വം വേരൂന്നിയിരുന്നത്. അവൾ മനുഷ്യശക്തിയെ ആശ്രയിച്ചില്ല, മറിച്ച് ദൈവം ഇസ്രായേലിനെ അടിച്ചമർത്തലിൽ നിന്ന് വിടുവിക്കുമെന്ന് വിശ്വസിച്ചു. കനാന്യർക്കെതിരെ ഒരു സൈന്യത്തെ നയിക്കാൻ അവൾ ബാരാക്കിനെ വിളിച്ചപ്പോൾ, ദൈവത്തിന്റെ വാഗ്ദാനം അവൾ അവന് ഉറപ്പുനൽകി: 'ഇസ്രായേലിന്റെ ദൈവമായ കർത്താവ് നിന്നോട് കൽപ്പിച്ചിട്ടില്ലേ...? (ന്യായാധിപന്മാർ 4:6) അവളുടെ അചഞ്ചലമായ വിശ്വാസം അവളെ ഇസ്രായേൽ ജനതയ്ക്ക് ഒരു ആത്മീയ വഴികാട്ടിയാക്കി.

ദെബോറയുടെ വിശ്വാസം അവളെ ഒരു അസാധാരണ നേതാവാക്കി മാറ്റി. അവൾക്ക് മുമ്പും ശേഷവുമുള്ള പല ന്യായാധിപന്മാരിൽ നിന്ന് വ്യത്യസ്തമായി, അവൾ ദൈവത്തിന്റെ കൽപ്പനകളിൽ വിശ്വസ്തയായി തുടർന്ന്, അവന്റെ മാർഗനിർദേശത്തിൽ ആശ്രയിച്ചു. ബാരാക്കിനെ വിളിച്ച് ഇസ്രായേലിനെ യുദ്ധത്തിലേക്ക് നയിക്കാൻ നിർദ്ദേശിക്കാൻ ദൈവം അവളോട് കൽപ്പിച്ചപ്പോൾ, അവൾ മടിച്ചില്ല (ന്യായാധിപന്മാർ 4:6–7).

ദൈവം അവരുടെ കൈകളിൽ വിജയം നൽകുമെന്ന് ബാരാക്കിന് ഉറപ്പുനൽകുമ്പോൾ, ദൈവഹിതത്തോടുള്ള അവളുടെ അനുസരണം വ്യക്തമാണ്. എന്നിരുന്നാലും, അവളെ കൂടാതെ പോകാൻ ബാരാക്കിന്റെ മടികാണിച്ചതിനാൽ, യായേൽ എന്ന സ്ത്രീ ഒടുവിൽ സീസെരയെ പരാജയപ്പെടുത്തുമെന്ന് ദെബോറ പ്രവചിച്ചു (ന്യായാധിപന്മാർ 4:9). ദൈവത്തിന്റെ പദ്ധതിയിലുള്ള അവളുടെ അചഞ്ചലമായ ആത്മവിശ്വാസത്തെയും അവന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള അവളുടെ സന്നദ്ധതയെയും ഇത് എടുത്തുകാണിക്കുന്നു.

3. ദെബോറയുടെ ധൈര്യവും ശക്തിയും

ബൈബിളിലെ ചുരുക്കം ചില സ്ത്രീ പ്രവാചകന്മാരിൽ ഒരാളായിരുന്നു ദെബോറ. ദൈവത്തിൽ നിന്നുള്ള സന്ദേശങ്ങൾ എത്തിച്ചുകൊണ്ട് അവൾ ദിവ്യ അധികാരത്തോടെ സംസാരിച്ചു. അവളുടെ പ്രവചനം കനാന്യരുടെ മേൽ ഇസ്രായേലിന്റെ വിജയത്തിലേക്ക് നയിച്ചു, ദൈവത്തിന്റെ വാഗ്ദാനം നിറവേറ്റി.

ദൈവത്തിന് തന്റെ ഇഷ്ടം നിറവേറ്റാൻ ലിംഗഭേദമില്ലാതെ ആരെയും തിരഞ്ഞെടുക്കാൻ കഴിയുമെന്ന് അവളുടെ പ്രവാചക പങ്ക് കാണിക്കുന്നു.

അവൾ ജീവിച്ചിരുന്ന സമൂഹത്തിൽ പുരുഷാധിപത്യം ഉണ്ടായിരുന്നിട്ടും, കനാൻ രാജാവായ യാബീന്റെ കീഴിൽ അടിച്ചമർത്തപ്പെട്ട സമയത്ത് ദെബോറ ധൈര്യത്തോടെ ഇസ്രായേലിനെ നയിച്ചു. അവളില്ലാതെ യുദ്ധത്തിന് പോകാൻ ബാരാക്ക് മടിച്ചപ്പോൾ, അവൾ ആത്മവിശ്വാസത്തോടെ അവനോടൊപ്പം പോയി, പ്രവൃത്തിയിൽ ധൈര്യം കാണിച്ചു. അവൾ പ്രഖ്യാപിച്ചു: 'തീർച്ചയായും, ഞാൻ നിങ്ങളോടൊപ്പം പോകും... പക്ഷേ ബഹുമാനം നിങ്ങളുടേതായിരിക്കില്ല, കാരണം കർത്താവ് സീസെരയെ ഒരു സ്ത്രീയുടെ കൈകളിൽ ഏൽപ്പിക്കും.' (ന്യായാധിപന്മാർ 4:9) അവളുടെ ധൈര്യം ബാരാക്കിനെയും ഇസ്രായേല്യരെയും അവരുടെ സ്വാതന്ത്ര്യത്തിനായി പോരാടാൻ പ്രേരിപ്പിച്ചു.

ധൈര്യം ദെബോറയുടെ മറ്റൊരു പ്രധാന സ്വഭാവമാണ്. നേതൃപാടവങ്ങളിൽ സ്ത്രീകൾ അപൂർവമായി മാത്രമേ കാണപ്പെട്ടിരുന്നുള്ളൂ, അവൾ ധൈര്യത്തോടെ ഇസ്രായേലിനെ രാഷ്ട്രീയമായും സൈനികമായും നയിക്കാൻ മുന്നോട്ടുവന്നു. ശക്തമായ കനാന്യ സൈന്യത്തെയോ 900 ഇരുമ്പ് രഥങ്ങൾ ഉൾപ്പെട്ട അവരുടെ സേനാനായകനായ സീസെരയെയോ അവൾ ഭയപ്പെട്ടില്ല (ന്യായാധിപന്മാർ 4:3).

ദെബോറയുടെ ധൈര്യം മറ്റുള്ളവരെയും പ്രചോദിപ്പിച്ചു. സൈനിക സ്ഥാനം ഉണ്ടായിരുന്നിട്ടും, അവളുടെ സാന്നിധ്യമില്ലാതെ യുദ്ധത്തിന് പോകാൻ ബാരാക്ക് മടിച്ചുനിന്നു. ദെബോറയുടെ നേതൃത്വത്തിലും ദിവ്യബന്ധത്തിലും അവൻ അർപ്പിച്ച വിശ്വാസത്തിന്റെയും ആത്മവിശ്വാസത്തിന്റെയും നിലവാരത്തെ ഇത് സൂചിപ്പിക്കുന്നു. അവളുടെ ധൈര്യം ഇസ്രായേൽ യോദ്ധാക്കളെ ആത്മവിശ്വാസത്തോടെ പോരാടാൻ പ്രോത്സാഹിപ്പിച്ചു, ഇത് നിർണായക വിജയത്തിലേക്ക് നയിച്ചു.

4. ദെബോറയുടെ അനുകമ്പയും മാതൃത്വവും

ദെബോറ ഇസ്രായേലിനോട് അനുകമ്പയും മാതൃത്വ സ്വഭാവവും പ്രകടിപ്പിച്ചു. ന്യായാധിപന്മാർ 5:7–ൽ, അവൾ തന്നെത്തന്നെ 'ഇസ്രായേലിലെ അമ്മ'

എന്ന് പരാമർശിക്കുന്നു. അവൾ ശക്തിയോടെ മാത്രമല്ല, കരുതലോടെയും, തന്റെ ജനങ്ങളോടുള്ള സ്നേഹത്തോടെയും നയിച്ചു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഒരു അമ്മ, മാർഗനിർദേശം, സംരക്ഷണം, പ്രോത്സാഹനം എന്നിവ നൽകുന്നു. ദെബോറ തന്റെ നേതൃത്വത്തിലുടനീളം ഈ ഗുണങ്ങൾ പ്രകടിപ്പിച്ചു.

ഇസ്രായേലിനോടുള്ള അവളുടെ കരുതൽ രാഷ്ട്രീയമായി മാത്രമല്ല, ആഴത്തിൽ വ്യക്തിപരവുമായിരുന്നു. തന്റെ ജനതയ്ക്ക് സമാധാനവും സമൃദ്ധിയും ലഭിക്കാൻ അവൾ ആഗ്രഹിച്ചു, ന്യായാധിപന്മാർ അഞ്ചാം അധ്യായത്തിലെ അവളുടെ ഗാനം സൈനിക വിജയം മാത്രമല്ല, യുദ്ധത്തിൽ പങ്കെടുത്തവരുടെ ഐക്യവും വിശ്വസ്തതയും ആഘോഷിക്കുന്നു.

ദൈവത്തിന്റെ പദ്ധതിയിൽ വിശ്വസിക്കാൻ ദെബോറ മറ്റുള്ളവരെ, പ്രത്യേകിച്ച് ബാരാക്കിനെ പ്രേരിപ്പിച്ചു. അയാൾ സംശയിച്ചപ്പോഴും, അവൾ അവന് പ്രവർത്തിക്കാനുള്ള ശക്തി നൽകി. സീസെരയെ കൊന്ന് ഇസ്രായേലിന്റെ വിജയം ഉറപ്പാക്കിയ യായേൽ പോലുള്ള മറ്റുള്ളവരുടെ പങ്കിനെയും അവൾ അംഗീകരിച്ചു. ദൈവം നൽകിയ റോളുകളിലേക്ക് കാലെടുത്തുവയ്ക്കാൻ അവൾ പുരുഷന്മാരെയും സ്ത്രീകളെയും പ്രാപ്തരാക്കി.

ഇസ്രായേലിന്റെ വിജയത്തിനുശേഷം, ദെബോറ 'ദെബോറയുടെ ഗീതം' (ന്യായാധിപന്മാർ 5) രചിക്കുകയും ആലപിക്കുകയും ചെയ്തു. ഈ ഗാനം ദൈവത്തിന്റെ വിമോചനത്തെ സ്തുതിക്കുകയും ഇസ്രായേല്യരെ വിശ്വസ്തരായി തുടരാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 'ഇസ്രായേലിലെ പ്രഭുക്കന്മാർ നേതൃത്വം വഹിക്കുമ്പോൾ, ആളുകൾ സ്വമേധയാ സ്വയം സമർപ്പിക്കുമ്പോൾ - കർത്താവിനെ സ്തുതിക്കട്ടെ!' (ന്യായാധിപന്മാർ 5:2)ദെബോറ ഒരു യോദ്ധാവ് മാത്രമല്ല, ദൈവത്തിന് മഹത്വം നൽകുന്ന ഒരു ആരാധിക കൂടിയായിരുന്നുവെന്ന് ഇത് കാണിക്കുന്നു.

ദെബോറ വിശ്വാസത്തിന്റെയും ജ്ഞാനത്തിന്റെയും ധൈര്യത്തിന്റെയും നേതൃത്വത്തിന്റെയും ആരാധനയുടെയും ഒരു സ്ത്രീയായിരുന്നു. തന്റെ ജനത്തെ നയിക്കാൻ ദൈവത്തിന് ആരെയും - പുരുഷനെയോ സ്ത്രീയെയോ - ഉപയോഗിക്കാൻ കഴിയുമെന്ന് തെളിയിച്ചുകൊണ്ട് അവൾ സാംസ്കാരിക തടസ്സങ്ങൾ തകർത്തു. ദൈവത്തിന്റെ ശക്തിയിൽ വിശ്വസിക്കാനും സത്യസന്ധതയോടെ സേവിക്കാനും നേതാക്കളെ പ്രചോദിപ്പിച്ചു.

ജ്ഞാനം, വിശ്വാസം, ധൈര്യം, അനുകമ്പ എന്നിവ പ്രകടിപ്പിച്ച ഒരു അസാധാരണ സ്ത്രീയായിരുന്നു ദെബോറ. ഒരു ന്യായാധിപതി എന്ന നിലയിൽ, അവൾ ജ്ഞാനപൂർവമായ തീരുമാനങ്ങൾ എടുത്തു; ഒരു പ്രവാചകി എന്ന നിലയിൽ, അവൾ ദൈവത്തിന്റെ ഇഷ്ടം അറിയിച്ചു; ഒരു നേതാവെന്ന നിലയിൽ, അവൾ ഇസ്രായേലിനെ വിജയത്തിലേക്ക് നയിച്ചു; ഒരു മാതൃ വ്യക്തിത്വം എന്ന നിലയിൽ, അവൾ തന്റെ ജനങ്ങളോട് കരുതൽ കാണിച്ചു. ദൈവത്തിന് തന്റെ ദിവ്യ ഉദ്ദേശ്യം നിറവേറ്റാൻ ലിംഗഭേദമോ സാമൂഹിക പ്രതീക്ഷകളോ പരിഗണിക്കാതെ ആരെയും ഉപയോഗിക്കാൻ കഴിയുമെന്ന് തെളിയിക്കുന്ന ഒരു പ്രചോദനമായി അവളുടെ ജീവിതം പ്രവർത്തിക്കുന്നു. ദെബോറയുടെ ജീവിതം ഇന്നും ആളുകൾക്ക് ശക്തമായ, വിശ്വാസത്താൽ നയിക്കപ്പെടുന്ന നേതൃത്വത്തിന്റെ മാതൃകയായി തുടരുന്നു.



ഐക്കൺ എഡ്യൂക്കേഷണൽ സ്പെഷ്യൽ സ്കോളർഷിപ്പ് വിതരണം നടത്തപ്പെട്ടു


ആലുവ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാനവ ശാക്തീകരണ വിഭാഗവും ഐക്കൺ ചാരിറ്റിസും ചേർന്ന് വിദ്യാഭ്യാസ മേഖലകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ സ്പെഷ്യൽ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് വിതരണം ചെയ്തു. ആലുവ തൃക്കുന്നത് സെമിനാരിയിൽ വച്ച് അങ്കമാലി ഭദ്രാസനാധിപൻ യൂഹാനോൻ മാർ പോളികാർപോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ കൂടിയ യോഗം ആലുവ മുൻസിപ്പൽ ചെയർമാൻ എം. ഒ. ജോൺ ഉദ്ഘാടനം ചെയ്തു. ഐക്കൺ ചാരിറ്റീസ് ഡയറക്ടർ ജോർജ് എബ്രഹാം, സ്പെഷ്യൽ സ്കോളർഷിപ്പ് കോ-ഓർഡിനേറ്റർ ഫാ. റിജോ മാത്യു, സെമിനാരി വികാരി ഫാ. ബിനോയി വർഗീസ് പരീയത്ത് എന്നിവർ യോഗത്തിൽ സംസാരിച്ചു. സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരും വിദ്യാഭ്യാസ മേഖലയിൽ ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികൾക്ക് 5 ലക്ഷം രൂപ വിവിധ മേഖലകളിൽ വിതരണം ചെയ്തു.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

- പ. പരുമല തിരുമേനി

പുസ്തകം



വേദധ്യാനം
(ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തന പുസ്തകങ്ങളുടെ ധ്യാനപഠനം)
യൂഹാനോൻ മാർ പോളി ക്കാർപ്പോസ്
പ്രസാധകർ
സോഫിയാ ബുക്സ്, തിരുനക്കര, കോട്ടയം
വില: 250 രൂപ

നവീകരണക്കാരിൽ നിന്നും സെമിനാരി നടത്തിയെടുക്കുന്നു (1886)

74. മേൽ 70-മതു വകുപ്പിൽ പറയുന്നപ്രകാരം സെമിനാരി മുതലായതിനെപ്പറ്റി ഹൈക്കോർട്ടിൽ 1059-മാണ്ട് വക 137-ാം നമ്പ്ര 1061-മാണ്ട് തുലാ മാസത്തിൽ വിധിയായ ശേഷം വാദി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അപേക്ഷയിന്മേൽ വിധി നടത്തിപ്പാൻ ഉണ്ടായ ഉത്തരവുംകൊണ്ട് ആലപ്പുഴ കോർട്ടിൽ ഗുമസ്തൻ നാണുപണിക്കർ എന്ന ആൾ കമ്മീഷണറായി സെമിനാരിയിൽ വരികയും കോട്ടയം തഹസീൽദാർ മാധവൻപിള്ളയും പോലീസ് ഇൻസ്പെക്ടർ വെയിഗസും കൂടി നിന്നു സെമിനാരിയുടെ വാതിലുകളുടെ താഴുകൾ കൊല്ലനെകൊണ്ടു തല്ലിച്ചു വാദിക്കു കൈവശപ്പെടുത്തി കൊടുത്തു. ഇത് 1886 കർക്കടകം 3-നു 1061 കർക്കടകം 1-നു വ്യാഴാഴ്ചയും പിറ്റേ രണ്ടു ദിവസങ്ങളിലുമായിട്ടാണ് നടത്തിയത്. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മാർ അത്താനാസ്യോസ് ശെമവൂൻ ബാവായും കർക്കടകം 3-നു വ്യാഴാഴ്ചയാകുന്ന ശുദ്ധമുള്ള മാർ തോമ്മാ ശ്ലീഹായുടെ പെരുനാൾ ദിവസം സെമിനാരിയിൽ പ്രവേശിച്ചു അവിടെ താമസിച്ചു വരുന്നു.

(ഇടവഴിക്കൽ ഡയറിയിൽ നിന്നും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



വലിയ നോമ്പിലെ അഞ്ചാം ഞായർ

കൂനിയായ സ്ത്രീ / ക്ഫിപ്തോ ഞായർ

(വി. ലൂക്കോസ് 13:10-17)

ഫാ. മോൻസി ഫിലിപ്പ്

വലിയ നോമ്പിലെ അഞ്ചാം ഞായർ. പതിനെട്ടു സംവത്സരമായി രോഗാത്മാവ് ബാധിച്ച് ഒട്ടും നിവരുവാൻ കഴിയാതെ കൂനിയായിരുന്ന സ്ത്രീയെ കർത്താവ് സൗഖ്യമാക്കുന്നു. നിരന്തരമുള്ള പ്രാർത്ഥനകൾക്ക് ഉത്തരം ദൈവം നൽകും എന്ന ഒരു ഓർമ്മപ്പെടുത്തൽ.

ഇന്നത്തെ വേദഭാഗം

വി. ലൂക്കോസ് 13:10-17

ഒരു ശബതിൽ പള്ളിക്കുള്ളിൽ യേശു ഉപദേശിച്ചുകൊണ്ടിരുന്ന അവസരത്തിൽ പതിനെട്ട് സംവത്സരമായി രോഗാത്മാവ് ബാധിച്ച് നിവരുവാൻ കഴിയാത്ത ഒരു സ്ത്രീയെ കണ്ട് അടുക്കൽ വിളിച്ച് രോഗബന്ധനം അഴിഞ്ഞിരിക്കുന്നു എന്ന് പ്രഖ്യാപിച്ച് അവളുടെ കൂന് നിവർത്തുന്ന സംഭവം. ഇത് പള്ളിപ്രമാണിക്ക് നീരസം ഉളവാക്കി എന്നാൽ ക്രിസ്തു തക്കതായ മറുപടി നൽകുന്നു. അതിനാൽ വിരോധികൾക്ക് നാണം, പുരുഷാരത്തിന് സന്തോഷം. ഇതാണ് വേദഭാഗ ഇതിവൃത്തം.

വേദഭാഗചിന്തകൾ

1. പള്ളിക്കുള്ളിൽ യേശുവും, കൂനിയും

വി. ലൂക്കോസ് 13:10-11

ശബതിൽ സംഭവിക്കുന്ന സൗഖ്യം. രണ്ടുപേരും ദേവാലയത്തിനുള്ളിൽ - സൗഖ്യദാതാവും സ്വീകർത്താവും. ക്രിസ്തുവിലും കൂനിയിലും ചില സാമ്യതകൾ ഉണ്ട്.

1. ക്രിസ്തു തന്റെ ശുശ്രൂഷകൾ തുടർന്നുകൊണ്ടേയിരുന്നു. കൂനിയും ശബതുകൾ ആചരിച്ച് പ്രാർത്ഥനകൾ തുടർന്നുകൊണ്ടിരുന്നു.

2. യേശുതമ്പുരാൻ ഉപദേശിച്ചുകൊണ്ടിരുന്നു. കൂനി തന്റെ രോഗാവസ്ഥയിലും ഉപദേശം കേട്ടുകൊണ്ടിരുന്നു.

"മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവ് നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു. എന്റെ ആത്മാവ് ദൈവത്തിനായി ജീവനുള്ള ദൈവത്തിനായി തന്നെ ദാഹിക്കുന്നു" (സങ്കീ. 42:1-2).

കൂനിയുടെ മനോഭാവവും ഇതുതന്നെയാകാം. നിവരുവാൻ കഴിയുകയില്ലെങ്കിലും യാത്രയ്ക്ക് തടസ്സം ഉണ്ടെങ്കിലും ആരാധന മുടക്കാത്ത അനുഭവം. പതിനെട്ടു വർഷം ഒരു ചെറിയ കാലയളവല്ല. നീണ്ട നിരാശയുടെ കാലമാണ്. എന്നിട്ടും അവൾ പള്ളിയിലുണ്ട്. അവിടെതന്നെ അവൾ തുടരുന്നു.

"തടസ്സങ്ങൾ ഒന്നും തന്നെ തളർത്തുകയില്ല. പള്ളിമണി കേട്ടാൽ പിന്നെ ധൃതിയാണ്" - കൂനിയുടെ ജീവിതരീതി ഇങ്ങനെയാകാം.

എല്ലാം ഉണ്ടായിട്ടും ആരോഗ്യം ഉണ്ടായിട്ടും ആരാധനയിലെ നമ്മുടെ പ്രതികരണം എങ്ങനെ? അതോ ഇന്നും ആരാധനയിൽ നാം അവസാനം എത്തുന്നവരോ? ഒരു മാറ്റം അനിവാര്യമല്ലേ? രോഗാത്മാവ് ബാധിച്ച് നിവരുവാൻ കഴിയാത്തവൾ മുമ്പിൽ നിൽക്കുമ്പോൾ ഇനിയും നാം പുറകിൽ നിൽക്കുന്നത് ശരിയാണോ. കുറച്ചു കൂടി മുമ്പിലേക്ക് വരണ്ടേ ക്രിസ്തുവിനെ കാണുവാൻ, അറിയുവാൻ, അനുഭവിക്കുവാൻ. ഇവിടെ ക്രിസ്തുവുണ്ട് നാം തിരിച്ചറിയണം.

"ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു; അതു തന്നെ ഞാൻ ആഗ്രഹിക്കുന്നു. യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനു തന്നെ" (സങ്കീ. 27:4).

"ഒന്നിനും കഴിയാത്തവരുടെ ചില ജീവിതങ്ങളുണ്ട്, കരയാനാകാതെ ഒന്നും ആവശ്യപ്പെടാനാകാതെ മരവിച്ച ജീവിതങ്ങളുമായി മുമ്പോട്ട് പോകുന്നവർ" അത്തരക്കാർക്ക് ദൈവവുമായി ചില അടുപ്പങ്ങൾ ഉണ്ട്. അത് ആഴത്തിൽ ഉള്ള അടുപ്പം. അത് ചിലപ്പോൾ പ്രണയമാകാം. ഒരിക്കലും വിട്ടുകളയാതെ സ്വന്തം എന്ന് കരുതുന്ന പ്രണയം. ഈ മാതൃ തന്നെയാണ് കൂനിയായ സ്ത്രീയും കാട്ടിതരുന്നത്. അവളിലെ പ്രത്യേകതകൾ.

1. മുടങ്ങാത്ത ശാബതാചരണം.
2. ഉപദേശം കേൾക്കാനുള്ള ഉത്സാഹം എന്നു കരുതി.
4. ലോകപരമായതിനേക്കാൾ ആത്മീയത തേടിയവൾ.
5. സൗഖ്യം ലഭിച്ചപ്പോൾ ദൈവത്തെ സ്തുതിച്ചവൾ.

2. ഭൂമി മാത്രം ദർശിച്ചിരുന്നവൾ ഇന്ന് സ്വർഗ്ഗം കാണുന്നു

വി. ലൂക്കോസ് 13:12-13

18 സംവത്സരമായി ഭൂമി മാത്രം കണ്ടിരുന്നവൾ യേശുതമ്പുരാൻ സൗഖ്യം നൽകിയപ്പോൾ സ്വർഗ്ഗം കാണുന്നു. നാം മണ്ണിലേക്കു തന്നെ എപ്പോഴും നോക്കി നടന്നാൽ നമുക്കും കൂനുണ്ടാകും. ഇടയ്ക്ക് നിവർന്ന് മുകളിലേക്ക് നോക്കണം. ഇന്ന് പലതിനും വേണ്ടി നാം പരക്കം പായുമ്പോൾ ഇടയ്ക്ക് ഒന്ന് നിൽക്കണം. അല്ലെങ്കിൽ തളർന്നു വീണുപോകും. ചിലപ്പോൾ ജീവൻ വരെ നഷ്ടപ്പെട്ടെന്നുവരും.

"മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകും എന്നു പറഞ്ഞു."

അതിനാൽ ഇടയ്ക്കൊക്കെ ഒന്ന് ചുറ്റിലും നോക്കണം. ദൈവത്തെ ഒന്ന് നോക്കണം. "ഈ ചെറിയർക്ക് ചെയ്യുന്നത് എനിക്കാണ്" ക്രിസ്തു ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

പലപ്പോഴും നമ്മുടെ പ്രവൃത്തികൾ മൂലമുള്ള പാപകൂനിനാൽ നിവരുവാൻ പറ്റാത്ത അവസ്ഥയാണ്. എന്നാൽ കൂനിയായവൾക്ക് രോഗാത്മാവിനാൽ നിവരുവാൻ സാധിക്കുന്നില്ല. രോഗത്തിനു കാരണം പാപമാണ്. പാപത്താലുള്ള രോഗബന്ധനത്തിൽ കഴിയുന്നവൾ സമൂഹത്തിൽ അസംഖ്യമാണ്. ഭാരതീയ ഭാഷ്യത്തിൽ അവിദ്യാക്ലേശം (അജ്ഞതയാലുള്ള പാപം - ക്ലേശം) എന്നു പറയുന്നു. സ്വാർത്ഥത, മോഹം, തൃഷ്ണ എന്നിവ അജ്ഞതയ്ക്ക് കാരണമാകുന്നു. നാം സ്വയവിമർശനത്തോടെ നമ്മുടെ തെറ്റുകളെ കണ്ടുപിടിക്കണം. നാം നമ്മെ തന്നെ സ്വയം നീതിമാന്മാരാക്കുന്നതാണ് നമ്മുടെ ശാപം.

ഇനിയെങ്കിലും ഒന്ന് നിവരുവാൻ ആഗ്രഹിക്കുന്നുണ്ടോ എങ്കിൽ ക്രിസ്തുവിലേക്ക് അവൻ നമ്മേ ആകർഷിക്കുന്നു. സക്കായി പൊക്കം കുറഞ്ഞവൻ ക്രിസ്തുവിനെ കാണാൻ ഉയരത്തിൽ കയറി, എന്നാൽ ക്രിസ്തു അവനെ കണ്ട്, മുഖാമുഖം സംസാരിപ്പാനും, ഭക്ഷണം കഴിക്കുവാനുമായി കടന്നുവരുന്നു അവന്റെ ഭവനത്തിൽ.

നമുക്കും അവനെ ഒന്ന് കാണേണ്ടേ? കേൾക്കണ്ടേ, അനുഭവിക്കണ്ടേ, ഒന്നു ശ്രമിക്കാം. ഇനിയും അധിക സമയമില്ല.

ക്രിസ്തു ഉപദേശിക്കുമ്പോഴും, യാത്രയിലും എല്ലാം നമ്മേ ശ്രദ്ധിക്കുന്നുണ്ട്. അതാണല്ലോ ഒട്ടും നിവരുവാൻ കഴിയാത്തവളെ കണ്ടത്. ക്രിസ്തുവിന്റെ ദൈവീക സ്നേഹത്തിന്റെ ഭാവങ്ങൾ ഇവിടെ

1. യേശു അവളെ കണ്ടു (Searching love)
2. അടുക്കെ വിളിച്ചു (Caring love)
3. നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു (Curing love or liberating love)
4. അവളുടെമേൽ കൈവച്ചു (Identifying love)

ദൈവസ്നേഹം സൗഖ്യത്തിന്റെ അനുഭവമായി.

"അവൾ ക്ഷണത്തിൽ നിവർന്നു ദൈവത്തെ മഹത്വപ്പെടുത്തി" (വി. ലൂക്കോസ് 13:13).

ശാബതിൽ കർത്താവ് രോഗിയെ സൗഖ്യമാക്കുന്നത് കണ്ട പള്ളി പ്രമാണി നീരസം പൂണ്ടു. നന്മയില്ലാത്ത മനുഷ്യനെപ്പോലെ. ശാബതിൽ വേല ചെയ്യരുത് എന്നത് ന്യായപ്രമാണ കൽപനയാണ്. ശാബതിൽ യേശു സൗഖ്യമാക്കിയത് തെറ്റായിപ്പോയി എന്നുള്ള നീരസം. ഇത് കല്പനയോടുള്ള ബഹുമാനം കൊണ്ടല്ല എന്ന് സ്പഷ്ടം. ഉള്ളിൽ അടക്കിവെയ്ക്കാൻ കഴിയാത്ത അസൂയ ആകാം. തനിക്കു കഴിയാത്തതും തനിക്കില്ലാത്തതും മറ്റുള്ളവർക്കുണ്ടാകുമ്പോഴുള്ള അസൂയ എന്തായാലും ക്രിസ്തുവിന്റെ മറുപടികൾ വിരോധികളെ നാണിപ്പിക്കുന്ന തരത്തിൽ. പുരുഷാരത്തിന് സന്തോഷം.

"തന്റെ ആജ്ഞാശക്തി താൻ പ്രവർത്തിച്ച അത്ഭുതങ്ങളാലും സംഘാലയങ്ങളിൽ വച്ച് ശാബതു തോറും കാണിച്ച അതിശയങ്ങളാലും വിശദമാക്കുകയും ചെയ്ത നല്ല വൈദ്യനായ കർത്താവേ! ഞങ്ങളുടെ രഹസ്യവും പരസ്യവുമായ രോഗങ്ങളെ സുഖപ്പെടുത്തണമേ."



ആർത്താറ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് പുത്തൻപള്ളിയിൽ കബറടങ്ങിയിരിക്കുന്ന സ്ലീബാ മാർ ഒസ്താത്തിയോസ് പൗലോസ് മാർ സേവേറിയോസ് എന്നീ പിതാക്കന്മാരുടെ ഓർമ്മ പെരുന്നാൾ ആചരിച്ചു. ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും അവാർഡ് വിതരണവും നേർച്ച സദ്യയും നടന്നു.



യുവജനപ്രസ്ഥാനം ജനറൽ അസ്സംബ്ലി

പരുമല: ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം 2025 ജനറൽ അസ്സംബ്ലി പരുമലയിൽ നടന്നു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. വൈസ് പ്രസിഡന്റ്: ഫാ ജെയിൻ. ട്രഷറർ: രെഞ്ചു എം. ജെ. കേന്ദ്ര കമ്മിറ്റി അംഗങ്ങൾ: നിഖിൽ യോഹന്നാൻ, നിഖിൽ കെ ജോയ്, രോഹിത്, നമീഷ്, ട്രീഷ്മ, ജോസ്ലി, അഡ്വ. നേഹാ. പത്രാധിപ സമിതി അംഗങ്ങൾ: അനീഷ് ജേക്കബ്, ഗീവീസ് മാർക്കോസ്. ഓഡിറ്റേഴ്സ്: അലൻ, ജെസ്സിൻ.

ചരിത്രത്തിൽ ആദ്യമായി പോസ്റ്റൽ ബാലറ്റിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന യുവജനപ്രസ്ഥാന പ്രധിനിധികൾക്ക് തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമാകുവാൻ സാധിച്ചു എന്നത് വ്യത്യസ്തതയായി. പ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി വൈസ് പ്രസിഡന്റ് ഫാ ഷിജി കോശി, ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ് ട്രഷറർ പേൾ കണ്ണേത്ത് എന്നിവർ അതിന് നേതൃത്വം കൊടുത്തു.



ആശാ പ്രവർത്തകയുടെ കണ്ണീരൊപ്പി മലങ്കര ഓർത്തഡോക്സ് സഭ

തിരുവനന്തപുരം: തിരുവനന്തപുരം സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തുന്ന ആശാ പ്രവർത്തകയുടെ വീടിന്റെ ജപ്തി ഭീഷണി ഒഴിവായി. കേരള ബാങ്കിന്റെ പാലോട് ശാഖയിലുണ്ടായിരുന്ന 3 ലക്ഷം രൂപയുടെ കടബാധ്യത ഓർത്തഡോക്സ് സഭ അടച്ചുതീർത്തു. ക്യാൻസർ രോഗിയായ മകളുടെ ചികിത്സയ്ക്ക് വേണ്ടിയാണ് അനിത ബാങ്കിൽ നിന്ന് വായ്പ്പ എടുത്തത്. ആശാ പ്രവർത്തക എന്ന നിലയിൽ ലഭിക്കുന്ന വേതനം മകളുടെ ചികിത്സയ്ക്കും നിത്യച്ചെലവിനും തികയാതെ വന്നതോടെ ബാങ്കിലെ അടവ് മുടങ്ങുകയായിരുന്നു. 7 ദിവസത്തിനകം പലിശ അടച്ചില്ലെങ്കിൽ വീടും സ്ഥലവും ജപ്തി ചെയ്യുമെന്ന് കാട്ടി ബാങ്ക് നോട്ടീസും അയച്ചു. അനിതയുടെ പ്രതിസന്ധി ഏഷ്യാനെറ്റ് ചാനൽ വാർത്തയിലൂടെ ശ്രദ്ധയിൽപ്പെട്ട മലങ്കര ഓർത്തഡോക്സ് സഭ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ പ്രശ്നത്തിൽ ഇടപെടാമെന്ന് ഉറപ്പ് നൽകി.

ഇതേ തുടർന്നാണ് ബാങ്കിലെ ഇടപാടുകൾ തീർത്ത രേഖ സഭയുടെ തിരുവനന്തപുരം സ്റ്റുഡന്റ് സെന്റർ ഡയറക്ടർ ഫാ.സജി മേക്കാട്ട് ഇന്ന് സമരപ്പന്തലിൽ എത്തി കൈമാറിയത്. ഓർത്തഡോക്സ് സഭയുടെ ജീവകാരുണ്യ പദ്ധതിയായ സഹോദരൻ വഴിയാണ് അനിതയ്ക്ക് സഹായം എത്തിച്ചത്. ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ചിരുന്ന ഘട്ടത്തിൽ തനിക്ക് രക്ഷാകരം നീട്ടിയ കാതോലിക്കാബാവാ തിരുമേനിയോടും സഭയോടും നന്ദിയുണ്ടെന്ന് അനിത കുമാരി പറഞ്ഞു. ക്യാൻസർ രോഗിയായ മകളുടെ ചികിത്സയ്ക്ക് വേണ്ടി ഒരമ്മ നടത്തിയ ശ്രമത്തെ പിന്തുണയ്ക്കുക മാത്രമാണ് ചെയ്തതെന്നും അനിതയുടെ സങ്കടം മാറി എന്നതിൽ സന്തോഷമുണ്ടെന്നും പരിശുദ്ധ കാതോലിക്കാബാവാ പ്രതികരിച്ചു. ആശാ പ്രവർത്തകരുടെ സമരത്തെ സർക്കാർ അനുഭാവ പൂർണം കാണണമെന്നും ബാവാ കൂട്ടിച്ചേർത്തു.

Church Calendar



The Healing Touch of Christ: Freedom from Spiritual Bondage

(St. Luke 13:10–17)

Dn. Aaron Joshua John

As we arrive at the Fifth Sunday of Great Lent, also known as Kpiptho Sunday, we encounter the story of the crippled woman in Luke 13:10–17. This powerful narrative illustrates Christ's compassion and His desire to liberate us from all forms of bondage, physical, emotional, and spiritual. The word 'Kpiptho' means "to be lifted up," reminding us that Lent is a time for Christ to raise us up from the burdens that weigh us down, just as He lifted the woman's affliction.

The surrounding readings deepen this theme of liberation. Isaiah 50 speaks of the servant who listens to God even in suffering, while Romans 12 calls for a transformation of mind and spirit. The crippled woman's healing foreshadows this transformation, pointing to Christ as the fulfilment of God's promise to set His people free.

1. Christ the Liberator: Breaking the Chains of Affliction

In the Gospel passage, Jesus is teaching in the synagogue when He sees a woman bent over for eighteen years. Without her even asking, He calls her over and says, "Woman, you are loosed from your infirmity." He touches her, and she is immediately made straight, glorifying God. St. Cyril of Alexandria writes: "He saw her with the eyes of divine mercy, not waiting for her petition but anticipating her need." This reveals the heart of Christ: He does not merely respond to our cries for help but actively seeks to heal and restore us. The woman's condition symbolizes humanity's fallen state, bowed down by sin, weighed down by sorrow, unable to lift ourselves toward God.

The liberation Christ brings is not just physical but deeply spiritual. Romans 12:1–2 calls us to be "transformed by the renewing of your mind." The crippled woman's body is restored, but her spirit is also lifted. Her posture changes from one of despair to one of praise, mirroring the transformation that occurs when we allow Christ to touch the broken places within us. This healing echoes the miracle in Luke 7:11–17, where Jesus raises the widow's son, showing His power over death itself. It also resonates with Genesis 9, where God reaffirms life and covenant after the flood, a reminder that God's plan is always to restore, renew, and bring life out of suffering.

2. The Sabbath of Mercy: Challenging Legalism with Love

The synagogue leader, blinded by legalism, criticizes Jesus for healing on the Sabbath. Jesus responds: "Ought not this woman, being a daughter of Abraham, whom Satan has bound, be loosed from this bond on the Sabbath?" He reveals that the Sabbath, a day of rest and holiness, is most perfectly fulfilled in acts of mercy and love.

St. John Chrysostom teaches: "The Sabbath was made for man's wellbeing. What greater rest is there than to be freed from the weight of suffering?" Jesus' response exposes the hardness of heart that prioritizes ritual over compassion. The true purpose of the Law was never to bind people



but to guide them toward life with God.

This clash between Christ and the religious leaders reflects the prophetic warnings in Jeremiah 51 against nations that become consumed by their own pride and self-righteousness. It also calls to mind 1 Peter 3:8–16, which exhorts believers to respond to evil with blessing and to always act with gentleness and respect. Christ models this perfectly, rebuking the leaders' hypocrisy but continuing His work of healing and liberation.

In our Lenten journey, this reminds us to examine our own hearts. Are we clinging to rigid practices without truly seeking Christ? Are we quick to judge others while ignoring our need for grace? Lent calls us to embrace the spirit of the Law, love, mercy, and freedom — rather than the letter that can so easily become a burden. The crippled woman's story is our story. We, too, are bent under the weight of sin, habit, and fear. But Christ sees us. He calls us. He touches us, and in His touch, we are made whole. St. Gregory of Nazianzus writes: "Christ took on our brokenness so that He might lift us up to His divine life." This is the promise of Lent, that through fasting, prayer, and repentance, we open ourselves to the healing power of Christ. And when He lifts us up, our response must be like the woman's: to glorify God, to live as witnesses of His mercy, and to extend that mercy to others.

As we continue our Lenten pilgrimage, let us allow Christ to lift us up, straighten our bent spirits, and lead us into the freedom and joy of His resurrection. Let every act of love, every word of forgiveness, and every step toward humility be a participation in the healing work of our Lord. And when Easter dawns, may we, like the woman in the synagogue, stand tall, hearts lifted in praise, proclaiming: "The Lord has done great things for us, and we are filled with joy" (Psalm 126:3). ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലാവണ്യദർശനം

ഒരു നല്ല കാലത്തിന്റെ പ്രഖ്യാപനം

ഡെറിൻ രാജു

വീണ്ടും, വസന്തകാലത്ത് കേട്ട ആ സുന്ദരവാർത്തയുടെ അനുസ്മരണമാണ്.

ദേവാലയവാസിയായിരുന്ന നസറേത്തിലെ ആ സാധു ബാലികയോട് ഒരു സന്ദേശവാഹകൻ, മംഗളവാർത്ത അരുളിയ ദിവസം. തലമുറകൾക്കും അപ്പവും അറിവും ഏകുന്നവൻ അവളിൽ നിന്നുദിക്കുമെന്ന് അവളെ ബോധ്യപ്പെടുത്തി, ധൈര്യപ്പെടുത്തിയ ദിവസം! അവന്റെ അഭിസംബോധന മുതൽ അനിതരസാധാരണമായ വിധേയത്വഭാവമാണ് നിഴലിക്കുന്നത്. അത് അവന് ഒട്ടുമേ സ്വതസിദ്ധമായിരുന്നതോ പരിചയിച്ചു പോന്നതോ അല്ല. അവന്റെ സ്വഭാവം ഉഗ്രതയാണ്. ആംഗ്യം തന്നെ ഭീതിജനകമാണ്. സുറിയാനിക്കാരുടെ ആരാധനാക്രമത്തിൽ വലിയ വെള്ളിയാഴ്ച ചോദിക്കുന്നുണ്ടല്ലോ ഗബ്രിയേലേ! നിന്റെ ഉഗ്രത എവിടെയെന്ന്? അവനാണ് വിധേയത്വഭാവത്തിൽ ഈ വാർത്ത അറിയിക്കുന്നത്.



ആറ് മാസം മുമ്പ് ഇതുപോലൊരു വാർത്ത മറ്റൊരാളോട് പറഞ്ഞ അവന്റെ ഭാവം ഇതായിരുന്നില്ലല്ലോ! തന്റെ വാക്കിനോട് ഒരു സ്വാഭാവിക സംശയം ചോദിച്ച ആ വൃദ്ധ പുരോഹിതനോട് അവന്റെ മറുപടി കഠിനമായിരുന്നല്ലോ! അതേ ഗബ്രിയേലാണ് മറിയാമിന്റെ സംശയത്തോട് അങ്ങേയറ്റം emphathetic ആയിട്ട് മറുപടി കൊടുത്ത് അവളെ വിളി ബോദ്ധ്യപ്പെടുത്തുന്നത്. ആ വിളി ഏറ്റെടുക്കാൻ ധൈര്യപ്പെടുത്തുന്നത്. അതാണ് വിമലകന്യകയുടെ ഔന്നത്യത്തിന്റെ ആദ്യ സൂചന.

ആ ഔന്നത്യം അവളെ കൂടുതൽ സ്ഥിരചിത്തയാക്കുകയായിരുന്നു. കൂടുതൽ വിശാലമായ അർഥത്തിൽ ലോകത്തെ നോക്കി കാണാൻ ഇടയാക്കുകയായിരുന്നു. അതിലൂടെയാണ് മറിയാം തന്റെ സോഷ്യലിസ്റ്റ് പ്രഖ്യാപനം നടത്തുന്നത്! 'പ്രബലരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിട്ട് വിനീതരെ ഉദ്ധരിക്കുന്ന, വിശന്നിരിക്കുന്നവരെ നന്മകൾക്കൊണ്ട് സമൃദ്ധരാക്കുന്ന" ഒരു നല്ല കാലത്തിന്റെ പ്രഖ്യാപനം. ഒരു സോഷ്യലിസ്റ്റായ ദൈവസങ്കല്പം. അവൾ അത് പറയുന്നത് മറ്റൊരുദാഹരണം കണ്ടെത്തിയല്ല. സ്വന്തം ജീവിതത്തെ കണ്ടുകൊണ്ടാണ്. അതുകൊണ്ടു കൂടിയാണ് ഇന്നത്തെ അറിയിപ്പ് മംഗളവാർത്തയാകുന്നത്.

അവളിൽ നിന്നു ജനിച്ചവൻ പിന്നീട് പള്ളിയിൽ വച്ച് ഉപദേശിക്കുമ്പോൾ ഏശായായുടെ പ്രവചനം ഉദ്ധരിച്ചു കൊണ്ട് തന്റെ പ്രകടനപത്രിക അവതരിപ്പിക്കുന്നുണ്ട്. ബദ്ധൻമാർക്കു വിടുതൽ നൽകുന്ന, പീഡിതരെ വിട്ടയയ്ക്കുകയാണ് തന്റെ നിയോഗമെന്ന അറിയിപ്പ്. അമ്മയുടെ വിമോചനാശയത്തെ ഒരു പടി കൂടി ഉയർത്തി ഒരു പ്രഖ്യാപനമാക്കിയ മകൻ.

അതവൻ പറഞ്ഞൊഴിഞ്ഞില്ല; കാൽവറി വരെ അവൻ ആ പ്രഖ്യാപനത്തോട് നീതിപുലർത്തി. അത് കണ്ട് കുരിശിൻചുവട്ടിൽ വരെ അവന്റെ അമ്മയും ഉണ്ടായിരുന്നു.



പാതി നോമ്പ് ബുധനാഴ്ച കോട്ടയം പഴയസെമിനാരിയിൽ വിശുദ്ധ കുർബാനയ്ക്ക് ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ മുഖ്യ കാർമികത്വം വഹിച്ചു.



Diocesan Council Members and Auditors of the Diocese of Asia Pacific with Dr. Yuhanon Mar Dioscoros Metropolitan.



ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ കേന്ദ്ര വൈസ് പ്രസിഡന്റായി ഫാ. ജെയിൻ സി. മാത്യുവും കേന്ദ്ര ട്രഷറായി രെഞ്ചു എം. ജോയിയും തിരഞ്ഞെടുക്കപ്പെട്ടു.



മസ്കറ്റ് മാർ ഗ്രീഗോറിയോസ് മഹാ ഇടവകയുടെ സ്തേഫാനോസ് മാർ തേവോദോസിയോസ് ജീവകാരുണ്യ പുരസ്കാരം സിസ്റ്റർ എലിസബത്തിനു നൽകി ആദരിച്ചു. സമൂഹത്തിന്റെ ഉന്നതിക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന വ്യക്തികളെ കണ്ടെത്തി അവരുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിനുള്ള പുരസ്കാരമാണ് മഹാ ഇടവക ഏർപ്പെടുത്തിയിരിക്കുന്നത്. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് സ്ഥാപിച്ച തിരുവനന്തപുരം കാരുണ്യ ഗൈഡൻസ് സെന്ററിനോട് ചേർന്ന് പ്രവർത്തിക്കുന്ന കാരുണ്യ വിശ്രാന്തി ഭവനിലെ പ്രധാന ശുശ്രൂഷകയാണ് സിസ്റ്റർ എലിസബത്ത്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച - ശൊമ്റോയോ തോബോ?

വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച (2025 മാർച്ച് 30) വിശുദ്ധ കുർബാനയിൽ ഏവൻഗേലിയ്ക്കു ശേഷം ചൊല്ലുന്ന 'ആദാമവശത പൂണ്ടപ്പോൾ ..... ഘോഷിച്ചാൻ' എന്ന ഗീതവും ഹൂത്തോമ്മോയ്ക്ക് അനുബന്ധമായി ജനം ചൊല്ലുന്ന 'യേറുശലേം ..... സ്തുതിയെന്നവനാർത്തു' എന്ന ഗീതവും നല്ല ശമറിയാക്കാരന്റെ ഉപമയുമായി ബന്ധപ്പെട്ടതാണ്. സന്ധ്യാ നമസ്കാരത്തിൻറെ ഏവൻഗേലിയോൻ വായനയും (വി. ലൂക്കോസ് 10:25-37) നല്ല ശമറിയാക്കാരന്റെ ഉപമയാണ്. എന്നാൽ പ്രഭാത നമസ്കാരത്തിന്റെ ഏവൻഗേലിയോൻ വായന (വി. ലൂക്കോസ് 7: 11-17) നയിനിലെ വിധവയുടെ മകനെ ഉയർപ്പിക്കുന്ന സംഭവം ആണ്. അതേസമയം 'നീണാൾ ..... സ്തോത്രം' (കാസോലിക്കി) കൂനി സ്ത്രീയെ സൗഖ്യമാക്കിയ സംഭവം സ്മരിക്കുന്നു.

മലങ്കരസഭ വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച കൂനിസ്ത്രീയെ സൗഖ്യമാക്കിയ സംഭവം സ്മരിക്കുമ്പോൾ (ക്പിപ്ത്തോ) അന്ത്യോഖ്യൻ സഭ നല്ല ശമറിയാക്കാരന്റെ ഉപമയാണ് (ശൊമ്റോയോ തോബോ) സ്മരിക്കുന്നത്. അതേ സമയം മലങ്കരയിലെ യാക്കോബായ വിഭാഗത്തിനും ഇതു ക്പിപ്ത്തോ ഞായറാഴ്ച ആണ്. പാശ്ചാത്യ / അന്ത്യോഖ്യൻ സുറിയാനി ആരാധനാക്രമമാണല്ലോ മലങ്കരസഭ സ്വീകരിച്ചിരിക്കുന്നത്.

ആരാധനാക്രമങ്ങളിലുള്ള വൈവിധ്യം പാശ്ചാത്യ (അന്ത്യോഖ്യൻ) സുറിയാനി പാരമ്പര്യത്തിന്റെ ഒരു പ്രത്യേകതയാണ്. വേദവായനക്കുറിപ്പിന്റെ കാര്യത്തിലും ഇത്തരത്തിലുള്ള വൈവിധ്യം കാണാവുന്നതാണ്. അന്ത്യോഖ്യായിൽ നിന്നും കുറെയൊക്കെ വ്യത്യസ്തമായ ആരാധനാക്രമങ്ങളും വേദവായനക്കുറിപ്പുകളും പൗരസ്ത്യ കാതോലിക്കായുടെ ഭരണസീമയിൽപ്പെട്ട തെഗ്രീസിലും മൂസലിലും ഉപയോഗിച്ചിരുന്നു. അന്ത്യോഖ്യൻ സഭയുടെ തന്നെ കീഴിലുള്ള യെരുശലേമിലും കുറെയൊക്കെ വ്യത്യാസമുള്ള ക്രമങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഓർത്തഡോക്സ് സുറിയാനി സഭയിലെ ആരാധനാക്രമങ്ങൾക്ക് ഒരു ഐക്യരൂപ്യം വന്നത് അവ അച്ചടിച്ചു തുടങ്ങിയതിനു ശേഷമാണ്. വേദവായനക്കുറിപ്പിനും പ്രാദേശികമായ ചെറിയ വ്യത്യാസങ്ങൾ ഉണ്ട്.

യായിറോസിൻറെ മകളെ ഉയർപ്പിക്കുന്ന സംഭവം (വലിയ നോമ്പിലെ മൂന്നാം ഞായർ), ശതാധിപന്റെ ദാസന്റെ സൗഖ്യം (നാലാം ഞായർ), നയിനിലെ വിധവയുടെ മകനെ ഉയർപ്പിക്കുന്ന സംഭവം (അഞ്ചാം ഞായർ), നല്ല ശമറിയാക്കാരന്റെ ഉപമ (ആറാം ഞായർ) തുടങ്ങി വ്യത്യസ്തമായ വേദവായനാഭാഗങ്ങൾ അന്ത്യോഖ്യൻ സഭ വിവിധ കാലങ്ങളിലും വിവിധ പ്രദേശങ്ങളിലും ഉപയോഗിച്ചിരുന്നു. കൂടുതൽ വിവരങ്ങൾക്ക് വലിയ നോമ്പിലെ വേദവായനകൾ (ഫാ. ഡോ. ബേബി വർഗീസ്, പുരോഹിതൻ 1989 ജനുവരി - മാർച്ച് പേജ് 33-36) കാണുക.

നാലാം ഞായർ (ക്നാനൊയ്തോ) പ്രഭാത ഏവൻഗേലിയോനിൽ ശതാധിപന്റെ ദാസന്റെ സൗഖ്യം (വി. ലൂക്കോസ് 7: 1 - 10) ഉൾപ്പെടുത്താനുള്ള കാരണം വ്യക്തമാണല്ലോ. ക്പിപ്ത്തോ ഞായറാഴ്ച പഴയനിയമവായനയിൽ ജ്ഞാനിയായ ബാറാസീറായുടെ (പ്രഭാഷകൻ) പുസ്തകത്തിൽ (51: 17-39; 42: 15-43: 11) നിന്നുള്ള വായനയും നമുക്ക് ശ്രവിക്കാം.

2025 ഏപ്രിൽ 20-ന് എല്ലാ ക്രൈസ്തവരും ഒരുമിച്ച് ഈസ്റ്റർ ആഘോഷിക്കുന്നതിനാൽ അന്ത്യോഖ്യൻ സഭയ്ക്കും വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച മാർച്ച് 30-നു തന്നെയാണ്. ഇതിനു മുമ്പ് 2017 ഏപ്രിൽ 16-നാണ് ഈസ്റ്റർ ഒരുമിച്ചു വന്നത്. ഇനിയും 2028 ഏപ്രിൽ 16-ന് ഇത് ആവർത്തിക്കും. 2001, 2004, 2007, 2010, 2011, 2014, 2031, 2034, 2037, 2038 തുടങ്ങിയ വർഷങ്ങളും ഉദാഹരണങ്ങളാണ്.

വിവിധ രാജ്യങ്ങളിലെ 20 കോടിയിലധികം ക്രൈസ്തവർ മിക്ക വർഷവും ഒന്നോ നാലോ അഞ്ചോ ആഴ്ചകൾ വൈകിയാണ് ഈസ്റ്റർ ആഘോഷിക്കുന്നത്. മലങ്കര, അർമേനിയൻ, ഫിന്നിഷ് എന്നിവ ഒഴികെയുള്ള ഓർത്തഡോക്സ് സഭകളും അസിറിയൻ (കൽദായ) സഭയിൽ ബാഗ്ദാദ് ആസ്ഥാനമായ വിഭാഗവും ചില സ്ഥലങ്ങളിൽ റോമൻ കത്തോലിക്കാ സഭയും ജൂലിയൻ കലണ്ടർ പ്രകാരം ഈസ്റ്റർ തീയതി നിശ്ചയിക്കുന്നതാണ് കാരണം. ഗ്രിഗോറിയൻ-ജൂലിയൻ കലണ്ടറുകൾ തമ്മിൽ ഇപ്പോൾ 13 ദിവസം വ്യത്യാസമുണ്ടെങ്കിലും ഈസ്റ്റർ 35 ദിവസം വരെ വൈകാം. ക്രിസ്മസ് ആഘോഷത്തിനും ഇതുപോലെ തീയതി വ്യത്യാസമുണ്ട് (ഡിസംബർ 25, ജനുവരി 6, 7, 19).

വസന്ത വിഷുവം ആയ മാർച്ച് 21നോ അതിനു ശേഷമോ വരുന്ന പൗർണമിയുടെ പിറ്റെ ഞായറാഴ്ചയാണ് ഈസ്റ്റർ. ഈ പൗർണമി (പെസഹാ ചന്ദ്രൻ) ഞായറാഴ്ച വന്നാൽ ഈസ്റ്റർ അതിനടുത്ത ഞായറാഴ്ചയായിരിക്കും. നിഖ്യാ സുന്നഹദോസ് (എ.ഡി. 325) ആണ് ഈ തീരുമാനമെടുത്തത്. ഈസ്റ്റർ വരാവുന്ന ഏറ്റവും നേരത്തെയുള്ള തീയതി മാർച്ച് 22-ഉം (1598, 1693, 1761, 1818, 2285) ഏറ്റവും താമസിച്ചുള്ള തീയതി ഏപ്രിൽ 25-ഉം (1666, 1734, 1886, 1943, 2038, 2190) ആണ്. ഗ്രിഗോറിയൻ കലണ്ടർ അടിസ്ഥാനമാക്കിയുള്ള വർഷങ്ങളാണിവ.

മലങ്കര സുറിയാനി സഭയിലെ പാത്രിയർക്കീസ് പക്ഷം (ബാവാകക്ഷി) 1952 ഡിസംബർ 15-ന് യൽദോ നോമ്പാരംഭത്തിനും (പ. അപ്രേം പ്രഥമൻ ബാവായുടെ കൽപന നമ്പർ 620/05111952) കാതോലിക്കാപക്ഷം 1953 മേയ് 14-ന് സ്വർഗാരോഹണ പെരുന്നാളിനുമാണ് (പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കൽപന നമ്പർ 59/16041953) ഗ്രിഗോറിയൻ കലണ്ടർ (പുതിയ രീതി) സ്വീകരിച്ചത്.

- വർഗീസ് ജോൺ തോട്ടപ്പുഴ

ഫോൺ: 9446412907



പരുമല സെമിനാരി പാതിനോമ്പ് ശുശ്രൂഷയ്ക്കു ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ പ്രധാന കാർമികത്വം വഹിച്ചു.

ഓറിയന്റൽ ഓർത്തഡോക്സ് സഭകളും EKD യും

കോപ്റ്റിക് ഓർത്തഡോക്സ് സഭ, അന്തിയോക്യൻ സിറിയക് ഓർത്തഡോക്സ് സഭ, അർമേനിയ ഓർത്തഡോക്സ് സഭ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, എത്തിയോപ്യൻ ഓർത്തഡോക്സ് സഭ, എറിത്രിയൻ ഓർത്തഡോക്സ് സഭാ എന്നിവ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ കൂട്ടായ്മയിൽ ഉൾപ്പെടുന്നു. 1983 മുതൽ EKD-ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പ്രതിനിധികൾ ദൈവശാസ്ത്രപരമായ കൂടിയാലോചനകൾക്കും മറ്റു ഉഭയകക്ഷി ചർച്ചകൾക്കുമായി ഒത്തുകൂടുന്നു. പ്രാരംഭ ഘട്ടങ്ങളിൽ, രണ്ടു ഓർത്തഡോക്സ് സഭാ കുടുംബങ്ങൾക്കിടയിൽ നിലനിന്നിരുന്ന ക്രിസ്തുശാസ്ത്രപരമായ വ്യത്യാസങ്ങൾക്ക് പൊതുധാരണ കൈവരിക്കുന്നത് പ്രധാന ചർച്ചാവിഷയം ആയിരുന്നു. പിന്നീട് സംവാദം പൊതുവായ വിഷയങ്ങളിലേക്ക് മാറി. മതേതരവൽക്കരണത്തെയും ഇസ്ലാമുമായുള്ള സഹവർത്തിത്വത്തെയും ബാധിക്കുന്ന വെല്ലുവിളികൾ പ്രാധാന്യമാർന്ന ചർച്ചാ വിഷയങ്ങളായി.

ഓർമ്മകളുടെ ദൂരം

ഫാ. അജീഷ് ബാബു
(കണ്ടനാട് ഈസ്റ്റ് ഭദ്രാസനം)



വളരെ കുറച്ചു കാര്യങ്ങൾ മാത്രമാണ് എന്നും നാം ഓർത്തുവെക്കാറുള്ളത്.

നമ്മുടേതെന്ന് കരുതുന്നത് മാത്രം... എന്തുകൊണ്ടാകാം മനുഷ്യൻ പെട്ടെന്ന് എല്ലാം മറന്നു ജീവിക്കുന്നത്. അതുമല്ലെങ്കിൽ ചുറ്റുപാടുകൾ മാറുന്നതിനനുസരിച്ച് ഉണ്ടായിരുന്ന ജീവിതാനുഭവങ്ങൾ എല്ലാം വളരെ മോശം എന്ന് കരുതി അനുഭവങ്ങളിൽ നിന്നൊക്കെ എന്തുകൊണ്ട് ഓടി മറയുന്നു. ക്രമാനുഗതമായ മനുഷ്യന്റെ വളർച്ചയിൽ ഉണ്ടാകുന്ന മാറ്റങ്ങളിൽ അവന്റെ ഭൂതകാലത്തെ ഓർമ്മകളെ മോശമെന്ന് സ്വയം മനസ്സുകൊണ്ടും ശരീരംകൊണ്ടും തീരുമാനിക്കുന്നു. സ്ഥാനങ്ങൾക്കും പദവികൾക്കും അനുസൃതമായി ഓടിവരാത്ത ഓർമ്മകൾ ഒന്നും അവനു വേണ്ട എന്ന് സ്വയം അവൻ തീരുമാനിക്കുന്നു. പൊതു ഇടങ്ങളിലൊക്കെ മനുഷ്യനോട് കാണിക്കുന്ന അകലത്തിന്റെ മാനദണ്ഡം പോലും അതാണ്. ഓർമ്മകളോട് സ്വയം കാണിക്കുന്ന ദൂരം.

ടി കെ ശങ്കരനാരായണന്റെ പരന്താമൻ എന്ന കഥ മനുഷ്യന്റെ ഈ സ്വയ തീരുമാനത്തെ വല്ലാതെ വിമർശിക്കുന്നു. കേരളത്തിൽനിന്ന് ചെന്നൈയിലേക്ക് എത്തിപ്പെടുന്ന ഭാര്യയെയും ഭർത്താവിനെയും കോടമ്പക്കത്തേക്ക് യൂബർ ഓട്ടോയിൽ കൊണ്ടുപോകുന്ന ഒരു ഓട്ടോറിക്ഷക്കാരന്റെ വെളിപ്പെടുത്തലാണ് കഥയുടെ പ്രമേയം. യാത്രയ്ക്കിടയിൽ വളരെ സൗഹൃദപരമായി സംസാരിക്കുന്ന പരന്താമൻ എന്ന ഡ്രൈവർ. ജീവിതത്തിന്റെ തിരക്കുകളുടെ ഇടയിൽ നഷ്ടപ്പെടുത്തുന്ന ഒരുപാട് ഓർമ്മകളുള്ള മനുഷ്യനാണ് ആ യാത്രക്കാരൻ. പരന്താമന് മൂന്നു കൊല്ലം മുമ്പ് നടന്ന ഒരപകടത്തിൽ തന്റെ മുഖം പാടേമാറിപ്പോയെന്നും പ്ലാസ്റ്റിക് സർജറിയുടെ സഹായത്തിലാണ് കുറച്ചെങ്കിലും വീണ്ടെടുത്തതെന്നും പരന്താമൻ തുറന്നുപറയുന്നുണ്ട്.

വർഷങ്ങൾക്കു മുമ്പ് പരന്താമൻ

എഴുത്തുകാരൻ പേരു വെളിപ്പെടുത്തുവാൻ താല്പര്യമില്ലാത്ത യാത്രക്കാരനോടൊപ്പം ചിലവഴിച്ച ചെറിയ സമയം ഓർത്തെടുക്കുന്നു.

കഥാഭാഗം:

പരന്താമൻ: 'നീങ്കൾ ഒരു സിനിമാക്കതൈ ഡിസ്കസ് പണ്ണ് പ്രതാപ് പോത്തൻ സാറിടം വന്തത് ന്യാപകമിരുക്കാ?.'

വർഷങ്ങൾക്കു മുമ്പ് ഇന്ത്യാറ്റുഡേ വാർഷികപ്പതിപ്പിൽ വന്ന ഒരു കഥ പ്രതാപ് പോത്തൻ സിനിമയാക്കാൻ താൽപര്യപ്പെട്ടിരുന്നു.

പ്രാഥമിക ചർച്ചകൾ കഴിഞ്ഞ് വൺ ലൈനും സീൻ ഓഡറും വരെ എത്തി. നടന്നില്ല.

"അന്ന് നാൻ പ്രതാപ് സാറിന്റെ ഡ്രൈവറായിരുന്നു...', പരന്താമൻ പറയുന്നത് വിശ്വസിക്കാൻ കഴിയാതെ ഞാൻ കേട്ടിരുന്നു.

'അന്ന് ഒങ്കളേയും കൂട്ടി മഹാബലി പുരം റിസോർട്ടിലേക്ക് പോയതും സാറെ സ്റ്റേഷനിലേക്ക് കൊണ്ടു വിട്ടതും ഒക്കെ ഞാൻ തന്നെ... ഈ പരന്താമൻ...'

ഞാൻ എൻറെ ഓർമ്മയെ പഴിച്ചു. എനിക്കും ഈ പ്രായത്തിൽ സ്മൃതി

ഭ്രംശം തുടങ്ങിയോ? അതോ...

'സോറി പരന്താമൻ... ഞാനോർ ക്കുന്നില്ല...'.

തിരക്കുള്ള പട്ടണത്തിൽ ഓർമ്മകളെ തിരികെ പിടിക്കുന്ന പരന്താരാമനും ഓർമ്മകൾക്ക് പുറത്തുപോയ യാത്രക്കാരനും സംസാരിക്കുന്നു.

മനപ്പൂർവമുള്ള മറവികൾ ദൈവപുത്രനെ ഒറ്റിയ അയാൾക്ക് തുല്യമാണ്.

പന്തിരുവരിൽ ഒരുവനായ യൂദാ അവർക്കു മുൻനടന്നു യേശുവിനെ ചുംബിപ്പാൻ അടുത്തുവന്നു. യേശു അവനോട്: യൂദായേ, മനുഷ്യപുത്രനെ ചുംബനം കൊണ്ടോ കാണിച്ചുകൊടുക്കുന്നത് എന്നു പറഞ്ഞു.

'അന്ത്യ പ്രലോഭനങ്ങൾ' എന്ന കസാൻദ്സാക്കിസന്റെ നോവലിൽ യൂദാ ക്രിസ്തുവിനെ ചുംബിച്ച് ഒറ്റിയതിനു ശേഷം ഗുരുവിനോട് ചോദിക്കുന്നു

'നിനക്ക് നിന്റെ ഗുരുവിനെ ഒറ്റിക്കൊടുക്കാൻ സാധിക്കുമായിരുന്നോ..?' ദീർഘമായ മൗനതയ്ക്കുശേഷം ഗുരു പറഞ്ഞു "ഇല്ല, എനിക്കെന്റെ ഗുരുവിനെ ഒറ്റിക്കൊടുക്കാനുള്ള ധൈര്യമില്ല. അതു കൊണ്ടാണ് ദൈവം കുറേക്കൂടി ലളിതമായ ദൗത്യം എന്നെ ഭരമേല്പ്പിച്ചത്, ക്രൂശിക്കപ്പെടുക.'

ക്രൂശിന്റെ വിധി വാചകം എഴുതിയ ഭരണാധികാരികളും, ചാട്ടവാർ അടിച്ച പടയാളികളും, ക്രൂശിൽ വെച്ച് ആണികളടിച്ച മനുഷ്യരും ഒരുപക്ഷേ യൂദായെക്കാൾ ഭേദപ്പെട്ടവരാണ്.

കഠിനമാണ് ചുംബനം കൊണ്ട് ഒറ്റിക്കൊടുക്കുക എന്നത്.

നോവുള്ള നോമ്പാണ്...

പങ്കുവെക്കുന്ന ചുംബനങ്ങൾ സ്നേഹത്തിന്റെ അടയാളമാണ് മറക്കരുത്...

ഓർമ്മകളെ ധ്യാനപൂർവ്വം തിരിച്ചുപിടിക്കാം...

❑

ജർമ്മനിയിലെ ഓർത്തഡോക്സ് സമൂഹം

25 ലക്ഷത്തിലധികം ഓറിയന്റൽ ഓർത്തഡോക്സ് സഭാ വിശ്വാസികൾ ജർമ്മനിയിൽ സ്ഥിരതാമസക്കാരായി കഴിയുന്നതിനാൽ പ. കാതോലിക്കാ ബാവായുടെ സന്ദർശനവും സംവാദം വളരെ പ്രാധാന്യമർഹിക്കുന്നു. 2017-ൽ ബെർലിനിൽ നടന്ന സമ്മേളനത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മുഖ്യാഥിതിയായി പങ്കെടുത്തത് ഓർത്തഡോക്സ് സഭകളുടെ സ്വാധീനത്തിന്റെ സൂചനയായിരുന്നു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ ഈ സന്ദർശനം, ജർമ്മനിയിലെ ഓർത്തഡോക്സ് സഭകളുടെ വളർച്ചയ്ക്ക് കാരണമാകും. മാർച്ച് 31-നു സന്ദർശനം പൂർത്തിയാക്കി ഇന്ത്യയിലേക്ക് മടങ്ങും.